
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 64
No.: 5
May 2021



www.ernakulamarchdiocese.org



# മെയ് 1

# തൊഴിലാളികളുടെ മദ്ധ്യസ്ഥനായ

# വി. യൗസേപ്പിതാവിന്റെ

# തിരുനാൾ

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN
എറണാകുളം മിസ്സം

# വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. ദൈവവിളിദിന സന്ദേശം 2021
13. കെ.സി.ബി.സി. - മെയ്ദിന സന്ദേശം 2021
19. യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ - തൊഴിലാളികളുടെ മദ്ധ്യസ്ഥൻ
22. സർക്കുലർ: 2/2021 - കോവിഡ് 19
22. സർക്കുലർ: 3/2021 - കോവിഡ് 19
24. കച്ചേരിക്കാര്യം
25. Transfers/Appointments
27. നിര്യാതരായി
29. വാർത്തകളും വിശേഷങ്ങളും
30. AICO News
31. Department of Catechesis
34. Department of Family Apostolate
36. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
38. കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
39. അതിരൂപത കെ.സി.വൈ.എം.
41. നൈപുണ്യ ഇന്റർനാഷണൽ
43. Department of Family Units
44. അതിരൂപതാ ഡയറി


**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **5**
Month : **May 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kadavil Kochu Mathew, Oraslem | 1892 | 1924 | 1-5-1944 |
| Fr. Kolenchery George, Kottamam | 1888 | 1916 | 1-5-1971 |
| Fr. Kodian George, Chendamangalam | 1905 | 1936 | 2-5-1980 |
| Fr. Kareethara Xavier, Udayanapuram | 1937 | 1964 | 2-5-2019 |
| Fr. Puthenangady Issac, Vaikom | 1883 | 1911 | 3-5-1967 |
| Fr. Malamel Sebastian, Edappally | 1902 | 1933 | 3-5-1971 |
| Fr. Thaliath Jose Paul, Ernakulam | 1932 | 1960 | 3-5-2018 |
| Fr. Koluvan Paul, Moozhikulam | 1952 | 1978 | 6-5-2005 |
| Fr. Kanat Paulose TOCD, Konthuruthy | 1838 | 1861 | 6-5-1891 |
| Fr. Thaliath Thomas, Puthenpally | 1888 | 1918 | 7-5-1977 |
| Fr. Airookkaran Sebastian, Karukutty | 1903 | 1934 | 7-5-1987 |
| Fr. Chathaparambil Varghese, Kunnumpuram | 1910 | 1939 | 9-5-1993 |
| *Msgr. Fr. Valliarumpeth Geroge, Vaikom* | *1889* | *1916* | *11-5-1970* |
| Fr. Vadassery Augusthy, Palluruthy | 1883 | 1913 | 12-5-1951 |
| Fr. Mekkunnel Mathai, Nakapuzha | 1823 | 1873 | 14-5-1912 |
| Fr. Kanianthara Varghese, Vaikom | 1907 | 1936 | 15-5-1983 |
| *Msgr. Puduchery Varghese, Edad* | *1897* | *1928* | *16-5-1980* |
| Fr. Nettikadan Joseph, Meloor | 1933 | 1959 | 16-5-2001 |
| Fr. Ambalathinkal Joseph, Thundathumkadavu | 1952 | 1981 | 19-5-2015 |
| Fr. Parappuram Francis, Amballoor | 1947 | 1975 | 20-5-2019 |
| Fr. Manavalan Paul, Elavoor | 1952 | 1978 | 21-5-2002 |
| Fr. Pallipparambil James, Ullala | 1943 | 1971 | 21-5-2016 |
| Fr. Thekkinedath Joseph, Parur | 1936 | 1962 | 22-5-1990 |
| Fr. Kariyatty Jacob, Alangad | 1936 | 1963 | 22-5-2009 |
| Fr. Kuncharath Joseph, Keecheri | 1946 | 1973 | 22-5-2018 |
| Fr. Chiramel Anthony, Meloor | 1883 | 1913 | 23-5-1965 |
| Fr. Manjooran Antony, Chakkarakadavu | 1894 | 1922 | 24-5-1973 |
| Fr. Manikath Joseph, Perumanoor | 1935 | 1961 | 25-5-2008 |
| Fr. Vattamkandathil Mathai, Thalayolaparambu | | | 27-5-1936 |
| Fr. Puthenpurackal Sebastian, Vellarappilly | 1943 | 1969 | 27-5-1994 |
| Fr. Inchiparambil Joseph, Thanipuzha | 1927 | 1952 | 27-5-1998 |
| Fr. Parappurath Gheevarghese TOCD, Amballoor | 1835 | 1859 | 28-5-1908 |
| Fr. Kunnumpuram George, Muttom | 1931 | 1957 | 29-5-1993 |
| Fr. Kariyatty Paul, Alangad | 1940 | 1967 | 29-5-2011 |
| Fr. Manjaly Jose, Malayattoor | 1940 | 1964 | 31-5-1991 |

Ref: 3472K-5/KCBC/OL/DS 22-04-2021

# ദൈവവിളിദിന സന്ദേശം - 2021
## വിശുദ്ധ യൗസേപ്പ്: 'ദൈവവിളിയുടെ സ്വപ്നം'

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വർഷം ആചരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബർ 8-ന് യൗസേപ്പിതാവർഷം ആരംഭിച്ചുവല്ലോ. അതിനായി ഞാൻ 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലിക ലേഖനം എഴുതുകയുണ്ടായി. അതിന്റെ ലക്ഷ്യം ഈ മഹാവിശുദ്ധനോട് നമുക്കുള്ള സ്നേഹം വർധിപ്പിക്കുക എന്നതായിരുന്നു. അദ്ദേഹം ഒരു അസാധാരണ വ്യക്തിയായിരുന്നു. അതേസമയം തന്നെ "മാനുഷികമായ നമ്മുടെ അനുഭവങ്ങളോട് വളരെ അടുത്തുനില്ക്കുന്ന"യാളുമാണ്. അത്ഭുതകരമായതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹത്തിന് പ്രത്യേകതരം സിദ്ധികളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കണ്ടവർക്കാർക്കും പ്രത്യേകതയൊന്നും തോന്നിയതുമില്ല. അദ്ദേഹം പ്രശസ്തനോ ശ്രദ്ധേയനോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു വാക്കുപോലും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിലൂടെ അദ്ദേഹം ദൈവദൃഷ്ടിയിൽ അസാധാരണമായതു ചെയ്തു തീർത്തു.

ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നു (1 സാമു 16,7). ദൈനംദിന കാര്യങ്ങളുടെ നടുവിലും ജീവൻ നല്കാനും ഉത്പാദിപ്പിക്കാനും കഴിവുള്ള ഒരു പിതൃഹൃദയം ദൈവം വിശുദ്ധ യൗസേപ്പിൽ തിരിച്ചറിഞ്ഞു. ദൈവവിളികൾക്കും ഇതേ ലക്ഷ്യമാണുള്ളത് - ദൈനംദിനമുള്ള ജീവോത്പാദനവും നവീകരണവും. പിതാക്കന്മാരുടെയും മാതാക്കളുടെയും ഹൃദയം രൂപപ്പെടുത്താനാണ് ദൈവം ആഗ്രഹിക്കുന്നത്: തുറവുള്ളതും മഹത്തായ തുടക്കങ്ങൾക്ക് ത്രാണിയുള്ളതും ജീവദാനത്തിന് ഔദാര്യമുള്ളതും ഉത്കണ്ഠകളെ ആശ്വസിപ്പിക്കാൻ ആർദ്രതയുള്ളതും പ്രത്യാശകളെ ശക്തിപ്പെടുത്തുവാൻ ആർജവമുള്ളതുമായ ഒരു ഹൃദയം. പൗരോഹിത്യത്തിലും സമർപ്പിതജീവിതത്തിലും ഈ ഗുണഗണ

ങ്ങൾ വളരെ ആവശ്യമായിരിക്കുന്ന നാളുകളാണിത്. ദുർബലതയാലും പകർച്ചവ്യാധി മൂലമുള്ള സഹനങ്ങളാലും അടയാളപ്പെടുത്തപ്പെട്ട ഈ സമയം ഭാവിയെക്കുറിച്ചും ജീവിതത്തിന്റെതന്നെ അർത്ഥത്തെക്കുറിച്ചും അനിശ്ചിതത്വങ്ങളും ഭയങ്ങളും വിതച്ചുകഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവ് തന്റെ സഹജമായ മാന്യതയിൽ നമ്മെ സ്പർശിക്കുന്നത് "തൊട്ടടുത്ത വിശുദ്ധ"രിൽ ഒരാൾ എന്ന നിലയിലാണ്. അതേസമയം തന്നെ, അദ്ദേഹത്തിന്റെ ശക്തമായ സാക്ഷ്യം നമ്മുടെ യാത്രയിൽ മാർഗദർശകവുമാണ്.

ഓരോ വ്യക്തിയുടെയും ദൈവവിളിയിൽ മൂന്ന് പ്രധാന വാക്കുകൾ വിശുദ്ധ യൗസേപ്പ് നിർദ്ദേശിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് 'സ്വപ്ന'മാണ്. ഓരോരുത്തരും ജീവിതത്തിന്റെ പൂർത്തീകരണം സ്വപ്നം കാണുന്നവരാണ്. വിജയം, ധനം, വിനോദം മുതലായ ക്ഷണികമായ ലക്ഷ്യങ്ങൾകൊണ്ട് തൃപ്തിപ്പെടുത്താൻ സാധ്യമല്ലാത്ത വലിയ പ്രതീക്ഷകളും ഉന്നതമായ അഭിലാഷങ്ങളും പരിപോഷിപ്പിക്കുന്നവരാണ് നമ്മൾ. ആളുകളുടെ ജീവിതസ്വപ്നങ്ങളെ ഒറ്റവാക്കിൽ പ്രകടിപ്പിക്കാൻ പറഞ്ഞാൽ, അതിനുത്തരം ഊഹിച്ചെടുക്കാൻ ഒട്ടും പ്രയാസമുണ്ടാകില്ല. 'സ്നേഹിക്കപ്പെടുക' എന്നതായിരിക്കും അതിന്റെ ഉത്തരം. സ്നേഹമാണ് ജീവിതത്തിന് അർഥം നല്കുന്നത്. കാരണം, അത് ജീവിതത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തുന്നതാണ്. തീർച്ചയായും, നല്കുന്നതിലൂടെയാണ് നമുക്ക് ജീവൻ ഉണ്ടാകുന്നത്; ഉദാരമായി നല്കുന്നതിലൂടെയാണ് അത് നാം കൈവശപ്പെടുത്തുന്നതും. ഇക്കാര്യത്തിൽ വിശുദ്ധ യൗസേപ്പിന് നമ്മോട് വളരെയേറെ പറയാനുണ്ട്. കാരണം, ദൈവംതന്നെ പ്രചോദിപ്പിച്ച സ്വപ്നങ്ങളിലൂടെ അദ്ദേഹം തന്റെ ജീവിതത്തെ ഒരു ദാനമാക്കി മാറ്റി.

സുവിശേഷങ്ങൾ നമ്മോട് നാലു സ്വപ്നങ്ങളെക്കുറിച്ച് പറയുന്നു (മത്താ 1,20; 2,13.19.22). അതാകട്ടെ ദൈവത്തിൽ നിന്നുള്ള വിളിയാണ്. എന്നാൽ അവ എളുപ്പത്തിൽ സ്വീകരിക്കാവുന്നവയായിരുന്നില്ല. ഓരോ സ്വപ്നത്തിനുംശേഷം യൗസേപ്പിന് താൻ സമ്പൂർണമായും വിശ്വാസം അർപ്പിച്ച ദൈവത്തിന്റെ നിഗൂഢമായ രൂപകല്പനകളെ പിൻതുടരുന്നതിനുവേണ്ടി സ്വന്തം പദ്ധതികൾ മാറ്റിവച്ച് അപകടകരമായത് ഏറ്റെടുക്കേണ്ടിവന്നു. എന്തിനാണ് രാത്രിയിൽ കണ്ട ഒരു സ്വപ്നത്തെ ഇത്രമാത്രം വിശ്വസിക്കുന്നതെന്ന് നമ്മൾ ചോദിച്ചേക്കാം. പുരാതനകാലങ്ങളിൽ സ്വപ്നങ്ങളെ വളരെ പ്രാധാന്യത്തോടെ കണ്ടി

രുന്നെങ്കിലും ജീവിതത്തിന്റെ മൂർത്തമായ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ അതു ചെറിയ കാര്യം മാത്രമായിരുന്നു. എങ്കിലും, തന്നെ നയിക്കാൻ തന്റെ സ്വപ്നങ്ങളെ ഒരു വിഷമവും കൂടാതെ വിശുദ്ധ യൗസേപ്പ് അനുവദിച്ചു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിങ്കലേക്ക് തിരിഞ്ഞിരുന്നതും അവിടന്നിലേക്ക് ചേർന്നിരുന്നതുമായിരുന്നു. ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ആന്തരിക കർണങ്ങൾക്ക് ഒരു ചെറിയ സൂചനമാത്രം മതിയാകുമായിരുന്നു. ഇത് നമ്മുടെ ദൈവവിളിയുടെ കാര്യത്തിലും ബാധകമാണ്. കാരണം, നമ്മുടെ സ്വാതന്ത്ര്യത്തെ സമ്മർദ്ദത്തിലാക്കിക്കൊണ്ട് അതിശയകരമായ രീതിയിൽ സ്വയം വെളിപ്പെടുത്താൻ ദൈവം ഇഷ്ടപ്പെടുന്നില്ല. അവിടന്ന് തന്റെ പദ്ധതികൾ വളരെ മാന്യമായാണ് അവതരിപ്പിക്കുന്നത്. മാസ്മരിക ദർശനങ്ങൾകൊണ്ട് നമ്മെ കീഴ്പ്പെടുത്തുകയല്ല, മറിച്ച് നിശ്ശബ്ദമായി നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ സംസാരിക്കുകയാണ് അവിടന്ന് ചെയ്യുന്നത്. അവിടന്ന് നമ്മോട് അടുക്കുകയും നമ്മുടെ ചിന്തകളിലൂടെയും വികാരങ്ങളിലൂടെയും നമ്മോട് സംസാരിക്കുകയും ചെയ്യുന്നു. ഇങ്ങനെ, വിശുദ്ധ യൗസേപ്പിനോടു ചെയ്തതുപോലെ അഗാധവും അപ്രതീക്ഷിതവുമായ ചക്രവാളങ്ങൾ അവിടന്ന് നമ്മുടെ മുമ്പിലും വയ്ക്കുന്നു.

വാസ്തവത്തിൽ, യൗസേപ്പിന്റെ സ്വപ്നങ്ങൾ അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അനുഭവങ്ങളിലേക്കാണ് നയിച്ചത്. ആദ്യത്തേത് അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തെ ഉയർത്തി അദ്ദേഹത്തെ മിശിഹായുടെ പിതാവാക്കി. രണ്ടാമത്തേതാകട്ടെ, ഈജിപ്തിലേക്ക് പലായനം ചെയ്യാൻ കാരണമായെങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കാനിടയാക്കി. മൂന്നാമത്തെ സ്വപ്നം സ്വന്തം നാട്ടിലേക്കുള്ള തിരിച്ചുവരവിനെ മുൻകൂട്ടി അറിയിക്കുന്നതായിരുന്നുവെങ്കിൽ നാലാമത്തേത് അദ്ദേഹത്തിന്റെ പദ്ധതികളെ പുനഃക്രമീകരിച്ച് യേശുവിനെ അവിടത്തെ ദൈവരാജ്യപ്രഘോഷണം ആരംഭിക്കുന്നിടമായ നസ്രത്തിലേക്ക് കൊണ്ടുവന്നു. ഈ സംഘർഷങ്ങൾക്കിടയിലും അദ്ദേഹം ദൈവഹിതം അനുധാവനം ചെയ്യുന്നതിനുള്ള ധൈര്യം കണ്ടെത്തി. ഇങ്ങനെതന്നെയാണ് ഓരോ ദൈവവിളിയിലും: ദൈവത്തിന്റെ വിളി നമ്മെ ആദ്യചുവടുവയ്ക്കാൻ – നമ്മെത്തന്നെ നല്കാനും മുന്നോട്ടായാനും – നിർബന്ധിക്കുന്നു. ചേതമില്ലാതെ വിശ്വാസമില്ല. നമ്മുടെ പദ്ധതികളും സുഖസൗകര്യങ്ങളും മാറ്റിവച്ച്, ആത്മവിശ്വാസത്തോടെ നമ്മെ

ത്തന്നെ ദൈവകൃപയ്ക്കു വിട്ടുകൊടുത്തുകൊണ്ടു മാത്രമേ ദൈവത്തോട് 'അതെ' എന്നു പറയാൻ നമുക്കു കഴിയുകയുള്ളൂ.

ഓരോ 'അതെ'കളും ഫലം പുറപ്പെടുവിക്കുന്നു. കാരണം, അത് വിശാലമായ ഒരു രൂപകല്പനയുടെ ഭാഗമായിത്തീരുന്നു. നാം കാണുന്നതിനുമപ്പുറത്ത് എല്ലാം അറിയുകയും പൂർത്തിയാക്കുകയും ചെയ്യുന്ന ദിവ്യകലാകാരൻ ഓരോ ജീവിതത്തെയും ഉത്തമ കലാസൃഷ്ടിയായി മാറ്റുന്നുവല്ലോ. ഇപ്രകാരം ദൈവഹിതം സ്വീകരിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് വിശുദ്ധ യൗസേപ്പ്. അദ്ദേഹത്തിന്റേത് സജീവവും ഒരിക്കലും വിമുഖത കാട്ടാത്തതും പിൻവലിക്കാത്തതുമായ സമ്മതമായിരുന്നു. യൗസേപ്പ് "ഒരിക്കലും നിഷ്ക്രിയനായിരുന്നില്ല, മറിച്ച് ധൈര്യത്തോടും ഉറപ്പോടുംകൂടി പ്രവർത്തനനിരതനായിരുന്നു" (Patris Corde, 4). അദ്ദേഹം എല്ലാവരെയും സഹായിക്കട്ടെ, പ്രത്യേകിച്ച് തങ്ങളെക്കുറിച്ചുള്ള ദൈവഹിതം നിവർത്തിതമാകാൻ തങ്ങളുടെ സ്വപ്നങ്ങളെ വിവേചിക്കുന്ന ചെറുപ്പക്കാരെ. അദ്ദേഹം അവരെ സദാ പ്രചോദിപ്പിച്ച്, ഒരിക്കലും നിരാശപ്പെടുത്താതെ എപ്പോഴും ആശ്ചര്യപ്പെടുത്തുന്ന ദൈവത്തോട്, 'അതെ' എന്നു പറയാനാവും വിധം ധൈര്യശാലികളാക്കട്ടെ.

വിശുദ്ധ യൗസേപ്പിന്റെ യാത്രയെയും ദൈവവിളിയെയും അടയാളപ്പെടുത്തുന്ന രണ്ടാമത്തെ വാക്ക് സേവനമാണ്. യൗസേപ്പ് എങ്ങനെ തനിക്കുവേണ്ടിയല്ലാതെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നുവെന്നു സുവിശേഷങ്ങൾ കാണിച്ചുതരുന്നു. കലവറയില്ലാതെ സ്നേഹിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ അധികരിച്ച് ദൈവജനം അദ്ദേഹത്തെ 'അത്യന്തം വിരക്തനായ ഭർത്താവ്' എന്ന് വിശേഷിപ്പിക്കുന്നു. തന്റേതുമാത്രമായി സ്നേഹിക്കുന്നതിൽ നിന്നും തന്നെത്തന്നെ സ്വതന്ത്രനാക്കിയതുവഴി ഫലദായകമായ സേവനത്തിൽ മുഴുകാൻ അദ്ദേഹത്തിനായി. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ സംരക്ഷണം തലമുറകളിലേക്ക് എത്തിനില്ക്കുന്നു. അതുപോലെതന്നെ അദ്ദേഹത്തിന്റെ അതീവ ജാഗ്രതയോടെയുള്ള രക്ഷാകർതൃത്വം സഭയുടെ സംരക്ഷകനായി അദ്ദേഹത്തെ മാറ്റി. ജീവിതത്തിൽ സ്വയംദാനം ചെയ്യുന്നതിന്റെ അർത്ഥം ഉൾക്കൊള്ളുന്നയാളെന്ന നിലയിൽ അദ്ദേഹം സന്തോഷകരമായ മരണത്തിന്റെ മധ്യസ്ഥനായി. വലിയ സ്നേഹത്തിലധിഷ്ഠിതമായതിനാലാണ് അദ്ദേഹത്തിന്റെ സേവനവും സഹനവും യാഥാർത്ഥ്യമായത്. "ശരിയായ ഓരോ ദൈവവിളിയും സ്വയംദാനത്തിലൂടെയാണ് ജന്മം കൊള്ളുന്നത്; അതാകട്ടെ, പരിപക്വമായ ബലിയുടെ ഫലമാണ്.

പൗരോഹിത്യത്തിനും സമർപ്പിത സന്ന്യാസത്തിനും ഇത്തരത്തിലുള്ള പക്വത ആവശ്യമാണ്. ഏതു തരം ദൈവവിളിയുമായിക്കൊള്ളട്ടെ - വിവാഹമോ, ബ്രഹ്മചര്യമോ/കന്യാത്വമോ - സഹനത്തിന്റെ മുന്നിൽ നിന്നുപോയാൽ, നമ്മുടെ സ്വയംദാനം പൂർണമാകില്ല. അങ്ങനെ വരുമ്പോൾ സൗന്ദര്യത്തിന്റെ അടയാളവും സ്നേഹത്തിന്റെ ആനന്ദവും ആകുന്നതിനുപകരം  നിരാശയുടെയും ദുഃഖത്തിന്റെയും സന്തോഷമില്ലായ്മയുടെയും അടയാളമായി മാറും സ്വയംദാനം" (Patris Corde, 7).

വിശുദ്ധ യൗസേപ്പിന് കേവലം ഉയർന്ന ആദർശം മാത്രമായിരുന്നില്ല സേവനം; മറിച്ച്, ദൈനംദിന ജീവിതത്തിന്റെ നിയമമായിരുന്നു. അദ്ദേഹം യേശുവിന് ജനിക്കാനുള്ള സ്ഥലം കഠിനാധ്വാനത്തിലൂടെ കണ്ടെത്തുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹേറോദേസിന്റെ ക്രോധത്തിൽ നിന്ന് യേശുവിനെ രക്ഷിക്കാൻ വേണ്ടി ഈജിപ്തിലേക്ക് തിടുക്കത്തിൽ ഒരു യാത്ര ഒരുക്കി. ജറുസലേമിൽ വച്ച് യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തിടുക്കത്തിൽ അവിടേക്കു തിരിച്ചുപോയി. കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം വിദേശത്തുപോലും കഠിനാധ്വാനം ചെയ്തു. ചുരുക്കത്തിൽ, ജീവിതം തങ്ങൾ ആഗ്രഹിക്കുന്നതുപോലെയല്ലെങ്കിലും നിരാശപ്പെടാത്തവരുടെ മനോഭാവത്തോടെ അദ്ദേഹം വ്യത്യസ്ത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് സന്നദ്ധസേവകരുടെ മനോഭാവം പ്രകടിപ്പിച്ചു. ഇത്തരത്തിൽ, ജീവിതത്തിലെ അപ്രതീക്ഷിതവും എന്നാൽ ഇടയ്ക്കിടയ്ക്ക് കടന്നുവരുന്നതുമായ യാത്രകളെ - ജനസംഖ്യാ കണക്കെടുപ്പിനുവേണ്ടി നസ്രത്തിൽ നിന്നും ബത്ലഹേമിലേക്കും അവിടെനിന്ന് ഈജിപ്തിലേക്കും അവിടെനിന്ന് തിരിച്ച് നസ്രത്തിലേക്കും പിന്നെ എല്ലാ വർഷവും ജറുസലേമിലേക്കും - അദ്ദേഹം സ്വാഗതം ചെയ്തു. പരാതിപ്പെടാതെ ഓരോ തവണയും പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനും  പരിഹൃതമാകേണ്ട  സാഹചര്യങ്ങളെ പരിഹരിക്കുന്നതിന് സഹായഹസ്തം നല്കാനും അദ്ദേഹം സന്നദ്ധനായിരുന്നു. അതാകട്ടെ, ഭൂമിയിലുള്ള തന്റെ പുത്രനിലേക്ക് നീട്ടപ്പെട്ട സ്വർഗീയപിതാവിന്റെ  കരങ്ങളായിരുന്നുവെന്ന് നമുക്ക് പറയാൻ കഴിയും. തന്റെ മക്കളിലേക്ക് നീട്ടപ്പെട്ട, പിതാവിന്റെ സദാപ്രവർത്തനനിരതമായ കരങ്ങളാകാനുള്ള വിളിയാണല്ലോ ദൈവവിളികൾ. അവയ്ക്കെല്ലാം തികഞ്ഞ മാതൃകയാണ് യൗസേപ്പ്.

യേശുവിന്റെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് ദൈവവിളിയുടെയും സംരക്ഷകനാണ് അദ്ദേഹം എന്നു ചിന്തിക്കാനാണ് എനിക്കിഷ്ടം. സേവനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയിൽ നിന്നുതന്നെ സംരക്ഷിക്കുവാനുള്ള കരുതലും വരുന്നുണ്ട്. യൗസേപ്പ് ആ രാത്രിയിൽത്തന്നെ എഴുന്നേറ്റ് കുട്ടിയെയും അമ്മയെയും കൂട്ടി പുറപ്പെട്ടു (മത്താ 2,14) എന്ന് സുവിശേഷത്തിൽ പറയുന്നതുതന്നെ അദ്ദേഹത്തിന് തന്റെ കുടുംബത്തെക്കുറിച്ചുള്ള കരുതലാണ് കാണിക്കുന്നത്. തനിക്ക് നിയന്ത്രിക്കാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ചു വ്യാകുലപ്പെട്ട് സമയം കളയാതെ തന്റെ കരുതലിൽ ഏല്പിക്കപ്പെട്ടവരെ സംരക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇത്തരം ചിന്താഭരിതമായ ശ്രദ്ധയാണ് ശരിയായ ദൈവവിളിയുടെ അടയാളം.  അതാകട്ടെ, ദൈവസ്നേഹസ്പർശനത്തിന്റെ സാക്ഷ്യജീവിതവുമാണ്. നമ്മുടെ അഭിലാഷങ്ങളെ പിന്തുടരുന്നതിൽ നിന്നും മിഥ്യാധാരണകളിൽ മുഴുകുന്നതിൽനിന്നും  നാം വിട്ടുനില്ക്കുന്നതും കർത്താവ് സഭയിലൂടെ നമ്മെ ഭരമേല്പിച്ചവയെ ശ്രദ്ധയോടെ കരുതുന്നതും എത്രയോ മനോഹരമായ ക്രൈസ്തവ സാക്ഷ്യമായിരിക്കും! അപ്പോൾ അവിടന്ന് യൗസേപ്പിൽ ചെയ്തതുപോലെ അവിടത്തെ ആത്മാവിനെയും സൃഷ്ടി വൈഭവത്തെയും നമ്മിൽ വർഷിക്കുകയും നമ്മിൽ അവിടന്ന് അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ മഹത്തായ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്ന ദൈവത്തിന്റെ വിളിയോടും ഉദാരമായ സേവനവും  ശ്രദ്ധാപൂർവകമായ കരുതലും കൊണ്ട് രൂപപ്പെടുന്ന നമ്മുടെ പ്രതികരണത്തോടുമൊപ്പം, വിശുദ്ധ യൗസേപ്പിതാവിന്റെ അനുദിന ജീവിതത്തിലും നമ്മുടെ ക്രൈസ്തവ വിളിയിലും തെളിഞ്ഞുനില്ക്കുന്ന മൂന്നാമത്തെ സവിശേഷ സ്വഭാവമാണ് വിശ്വസ്തത. ദൈവത്തെയും അവിടത്തെ പദ്ധതികളെയും നിശ്ശബ്ദമായി സേവിക്കുന്നതിൽ ദിനംപ്രതി പരിശ്രമിച്ച നീതിമാൻ (മത്താ 1,19) ആയിരുന്നു ജോസഫ്. തന്റെ ജീവിതത്തിന്റെ വിഷമകരമായ ഒരു നിമിഷത്തിൽ, എന്തുചെയ്യണമെന്ന് അദ്ദേഹം പര്യാലോചിച്ചു. തന്നെത്തന്നെ സമ്മർദ്ദത്തിലാക്കാൻ അദ്ദേഹം അനുവദിച്ചില്ല. മോശമായി പ്രവർത്തിക്കാനുള്ള പ്രലോഭനത്തിന് – സഹജാവബോധം പിന്തുടരുന്നതിനോ ആ നിമിഷത്തിലേക്കു മാത്രം ഒതുങ്ങുന്നതിനോ – അദ്ദേഹം വശപ്പെട്ടില്ല. പകരം, അവധാനതയോടെ കാര്യങ്ങൾ ധ്യാനി

ച്ചു. പ്രധാനപ്പെട്ട തീരുമാനങ്ങളോടുള്ള നിരന്തരമായ വിശ്വസ്തതയിലാണ് ജീവിതത്തിലെ വിജയം കെട്ടിപ്പടുക്കുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എളിയ ഒരു തച്ചനായി വ്യാപരിക്കുന്നതിലെ സ്ഥിരോത്സാഹത്തിൽ ഇത് പ്രതിഫലിച്ചു (മത്താ 13,55). നിശ്ശബ്ദമായ ആ സ്ഥിരോത്സാഹം, പക്ഷേ, ഒരു വാർത്തയും അക്കാലത്ത് സൃഷ്ടിച്ചില്ലായെങ്കിലും എണ്ണമറ്റ പിതാക്കന്മാരുടെയും തൊഴിലാളികളുടെയും ക്രിസ്ത്യാനികളുടെയും ജീവിതങ്ങൾക്ക് അത് പ്രചോദനമായി. ദൈവവിളി – ജീവിതംപോലെതന്നെ – പരിപക്വമാകുന്നത് ദൈനംദിന വിശ്വസ്തതയിലൂടെ മാത്രമാണ്. അത്തരം വിശ്വസ്തത എങ്ങനെയാണ് പരിപോഷിപ്പിക്കപ്പെടുന്നത്? ദൈവത്തിന്റെ വിശ്വസ്തതയുടെ വെളിച്ചത്തിൽ. വിശുദ്ധ യൗസേപ്പ് സ്വപ്നത്തിൽ കേട്ട ആദ്യത്തെ വാക്കുകൾ, ഭയപ്പെടാതിരിക്കാനുള്ള ഒരു ക്ഷണമായിരുന്നു, കാരണം, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. "ദാവീദിന്റെ പുത്രനായ ജോസഫ്, ഭയപ്പെടേണ്ടാ" (മത്താ 1,20).

ഭയപ്പെടേണ്ടയെന്ന വചനം, പ്രിയ സഹോദരീ/സഹോദരാ, നിങ്ങളെയാണ് അഭിസംബോധന ചെയ്യുന്നത്. അനിശ്ചിതത്വത്തിനും ശങ്കയ്ക്കും ഇടയിൽപ്പോലും, നിങ്ങളുടെ ജീവിതം അവിടത്തേക്കു നൽകാനുള്ള നിങ്ങളുടെ ആഗ്രഹത്തിന് കാലതാമസം വരുത്തുവാൻ നിങ്ങൾക്കാവില്ല. പരീക്ഷണങ്ങൾക്കും തെറ്റിദ്ധാരണകൾക്കുമിടയിൽ അവിടത്തെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അവിടന്ന് ഈ വാക്കുകൾ വീണ്ടും പറയുന്നു. ദൈവവിളിയുടെ ആദ്യ സ്നേഹത്തിലേക്ക് നിങ്ങൾ മടങ്ങുമ്പോൾ, നിങ്ങളുടെ ഓരോ ചുവടടിയിലും നിങ്ങൾ കേൾക്കുന്നത് നവീകൃതമാകുന്ന ഈ വാക്കുകൾ തന്നെയാണ്. അനുദിന വിശ്വസ്തതയിലൂടെ ജീവിതംകൊണ്ട് ദൈവത്തോട് 'അതെ'യെന്ന് വിശുദ്ധ യൗസേപ്പിനെപ്പോലെ പറയുന്നവരോട്, ഇതേ വാക്കുകൾ അവിടന്നുതന്നെയാണ് പറയുന്നത്.

ഈ വിശ്വസ്തതയാണ് സന്തോഷത്തിന്റെ രഹസ്യം. ആരാധനക്രമത്തിലെ ഒരു ഗാനം നസ്രത്തിലെ കുടുംബത്തിൽ നിറഞ്ഞുനിന്ന സുതാര്യമായ സന്തോഷത്തെക്കുറിച്ച് പറയുന്നു. സത്യമായവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകവഴി ദൈവത്തോടും അയൽക്കാരോടും കൂടുതൽ വിശ്വസ്തമായ അടുപ്പം ദൈനംദിന ജീവിതത്തിൽ പുലർത്തുന്ന

വരിൽ ലാളിത്യത്തിന്റെ ഈ സന്തോഷം കാണാം. നമ്മുടെ സെമിനാരികൾ, സമർപ്പിത ഭവനങ്ങൾ, വൈദികമന്ദിരങ്ങൾ എന്നിവയിൽ ലളിതവും പ്രസരിപ്പുള്ളതും ശാന്തവും പ്രത്യാശയുള്ളതുമായ ഒരന്തരീക്ഷം നിറഞ്ഞിരുന്നാൽ എത്രയോ നന്നായിരിക്കും!

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തെ നിങ്ങളുടെ ജീവിതത്തിന്റെ സ്വപ്നമാക്കി മാറ്റിയ നിങ്ങൾ ഈ സന്തോഷം അനുഭവിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നീണ്ടുനില്ക്കുന്ന സന്തോഷം നല്കാത്തതെരഞ്ഞെടുപ്പുകളുടെയും വികാരങ്ങളുടെയും യുഗത്തിൽ അവിടത്തെ സഹോദരീ സഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുകയെന്നത് വളരെ ശക്തമായ സാക്ഷ്യമാണ്. ദൈവവിളിയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ് പിതൃഹൃദയത്തോടെ നിങ്ങളെ അനുധാവനം ചെയ്യട്ടെ!

**ഫ്രാൻസിസ് പാപ്പാ**
സെന്റ് ജോൺ ലാറ്ററൻ, റോം

വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിനം
19 മാർച്ച് 2021

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

Ref: 3471/K-5/KCBC/OL/DS 08-04-2021

## കെ.സി.ബി.സി. തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2021

"വിശുദ്ധ യൗസേപ്പ്: നീതിയോടെ അദ്ധ്വാനിച്ച മരപ്പണിക്കാരൻ"
(ഫ്രാൻസിസ് പാപ്പ, പാത്രിസ് കോർദെ 6)

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റേയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റേയും മംഗളാശംസകൾ നേരുന്നു. കോവിഡ് മഹാമാരിയുടെ കരിനിഴലിൽ നിന്നും ലോകം മുഴുവൻ മോചനം പ്രാപിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

1. തൊഴിലാളികളുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷത്തിലെ മെയ്ദിനം സവിശേഷമാണ്. തിരുസഭയുടെ 'പരിപാലകവിശുദ്ധനായി' വി. യൗസേപ്പിതാവിനെ 1870-ൽ ഭാഗ്യസ്മരണാർഹനായ പിയൂസ് ഒൻപതാമൻ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ നൂറ്റിയൻപതാം വാർഷികം പ്രമാണിച്ചാണു പരിശുദ്ധ ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യസ്മരണയ്ക്ക് മുന്നിൽ സമർപ്പിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം കുടുംബവർഷമായി കൂടി തിരുസ്സഭ ആചരിക്കുകയാണ്. ആയതിനാൽ തൊഴിലിനെയും തൊഴിലാളികളെക്കുറിച്ചും കുടുംബങ്ങളെ കുറിച്ചും വിശദമായ പഠനങ്ങളും ധ്യാനങ്ങളും പരിചിന്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി ശക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു തുടക്കം കുറിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'പാത്രിസ് കോർദേ' (പിതാവിനോടൊപ്പം) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. മരപ്പണിക്കാരനും (മത്താ. 13:55) നീതിമാനുമായ (മത്താ. 1:19) യൗസേപ്പിതാവിന്റെ വ്യക്തിപ്രഭാവത്തിലെ ഗുണഗണങ്ങളെ വിവരിക്കുന്ന ഏഴ് ഖണ്ഡികകൾ ഈ അപ്പസ്തോലിക ലേഖന

ത്തിലുണ്ട്. അതിൽ ആറാമത്തെ ഖണ്ഡിക 'തൊഴിലെടുക്കുന്ന പിതാവ്' എന്ന തലക്കെട്ടിലാണു എഴുതിയിരിക്കുന്നത്. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ ജീവിതാനുഭവങ്ങളിലൂടെ തൊഴിലിന്റെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും പാപ്പ അനാവരണം ചെയ്യുകയാണ്. "തന്റെ കുടുംബത്തെ പരിപാലിക്കുന്നതിനായി സത്യസന്ധമായ ജീവിതം നയിച്ച മരപ്പണിക്കാരനാണു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽ നിന്നും ആഹാരം കഴിക്കണം എന്ന പ്രബോധനത്തിന്റെ മൂല്യവും അന്തസ്സും ആനന്ദവും യേശു സ്വാംശീകരിച്ചത് വിശുദ്ധ യൗസേപ്പിൽ നിന്നാണ്" (*പാത്രിസ് കോർദേ,* 6). യേശുവിന്റെ ജീവിതത്തിൽ വി. യൗസേപ്പിതാവിന്റെ തൊഴിൽ ജീവിതം ചെലുത്തിയ സ്വാധീനമാണു പാപ്പ വിശദീകരിക്കുന്നത്. തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വത്തെ സംബന്ധിച്ചും പാപ്പ പറയുന്നത് ശ്രദ്ധിക്കുക: "രക്ഷാകര പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള മാദ്ധ്യമാണു തൊഴിൽ. ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാനുള്ള അവസരമാണു തൊഴിൽ. കഴിവുകളും നൈപുണ്യവും വികസിപ്പിക്കാനുള്ള മാർഗമാണു തൊഴിൽ. വ്യക്തികളുടെ മാത്രമല്ല കുടുംബത്തിന്റെയും ആത്മസഫലീകരണ ത്തിനായി തൊഴിൽ അനിവാര്യമാണ്"(പാ. കോ. 6). തൊഴിലിന്റെ സാമൂഹിക മാനങ്ങളെക്കുറിച്ചും പാപ്പ പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ കാലഘട്ടത്തിലുള്ള സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രതിസന്ധികൾ തൊഴിലിന്റെ മൂല്യം, പ്രാധാന്യം, ആവശ്യകത എന്നിവയെ വീണ്ടും കണ്ടെത്തി ആരെയും പുറത്താക്കാത്ത ഒരു പുതിയ സാമൂഹികക്രമം രൂപപ്പെടുത്തുന്നതിനുള്ള ആഹ്വാനമായി കാണണം" (*പാ. കോ.* 6) എന്നാണു പാപ്പ പഠിപ്പിക്കുന്നത്.

3. ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ഘടകമാണ് തൊഴിൽ. മനുഷ്യൻ തൊഴിൽ ചെയ്തില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും സൃഷ്ടാവസ്ഥയിൽ തന്നെ തുടരുമായിരുന്നു. സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയിലും സർഗാത്മകതയിലുമുള്ള പങ്കുചേരലാണ് തൊഴിലെന്ന ബോധ്യം ഉണ്ടാകുകയെന്നതാണ് ഓരോ തൊഴിലാളിയും മെയ്ദിനത്തിൽ നിന്നും സ്വാംശീകരിക്കേണ്ട സന്ദേശം.

4. വ്യവസായവിപ്ലവത്തെ തുടർന്നു തൊഴിൽമേഖലയിൽ ഉണ്ടായ ചൂഷണത്തിനെതിരെ എട്ട് മണിക്കൂർ തൊഴിൽ, എട്ട് മണിക്കൂർ വിനോദം എട്ട് മണിക്കൂർ വിശ്രമം എന്ന ആവശ്യവുമായി തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ നടത്തിയ സമരം അധികാരികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ

തൊഴിലാളി സമൂഹത്തിനു പിൽക്കാലത്ത് സാധിച്ചു. സമരമുഖത്തെ തൊഴിലാളികളുടെ സഹനത്തെയാണു മെയ്ദിനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

5. “വ്യക്തി തന്റെ കായികവും ബുദ്ധിപരവും സർഗാത്മകവുമായ കഴിവുകളെ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണു തൊഴിൽ” എന്നാണ് തിരുസ്സഭ നിർവചിച്ചിട്ടുള്ളത്. ഇതിൽ നിന്നു തന്നെ കുടുംബപുരോഗതിയിലും സാമൂഹിക വികസനത്തിലും തൊഴിലിന്റെയും തൊഴിലാളിയുടെയും പ്രാധാന്യം എടുത്തു കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് തൊഴിലാളിക്ക് ലഭിക്കുന്ന വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, നാളെയ്ക്കുവേണ്ടി അല്പം കരുതി വയ്ക്കുന്നതിനുമുള്ള വിധമായിരിക്കണമെന്നുമുള്ള നിലപാട് എടുത്തുകൊണ്ട് ജീവനക്കൂലി (living wages) കുടുംബക്കൂലി (family wages) എന്നീ ആശയങ്ങൾ തിരുസ്സഭ ഒരു നൂറ്റാണ്ടുകാലമായി സാമൂഹിക പ്രബോധനങ്ങൾ വഴി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടന ഇക്കാര്യം തങ്ങളുടെ മാർഗനിർദ്ദേശ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തിലൂടെ സ്വകാര്യസ്വത്ത് ആർജിക്കുകയെന്നത് ഒരു വ്യക്തിയുടെ ഉത്തരവാദിത്വ മാണെന്നു കൂടി അസന്നിഗ്ദ്ധമായി സഭയുടെ സാമൂഹീക ചാക്രികലേഖനങ്ങളിലൂടെ പ്രബോധിപ്പിക്കുന്നുണ്ട്.

6. തൊഴിൽ ലഭിക്കുക, തൊഴിലിനു മാന്യമായ വേതനം ലഭിക്കുക, സുരക്ഷിതമായ തൊഴിൽസാഹചര്യം ലഭിക്കുക, തൊഴിലിനു ഉറപ്പ് ലഭിക്കുക എന്നത് തൊഴിലാളികളുടെ അവകാശങ്ങളാണ്. അതോടൊപ്പം ചികിത്സാനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ തുടങ്ങിയവയുടെ ലഭ്യതയെല്ലാം തൊഴിലാളിയുടെ അവകാശമാണ്. ഇവ ഉറപ്പുവരുത്തുക ബന്ധപ്പെട്ട സർക്കാരുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണു എന്നാണു തിരുസ്സഭ പഠിപ്പിക്കുന്നത് (സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സംക്ഷേപം 301). ദൗർഭാഗ്യവശാൽ ഈ കർത്തവ്യ നിർവ്വഹണത്തിൽ നിന്നും ഏകപക്ഷീയമായി പിൻമാറുന്ന നയമാണ് സർക്കാരുകൾ പിന്തുടരുന്നത് എന്ന ദുഃഖകരമായ സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. മൂലധനത്തേക്കാൾ പ്രധാന്യം തൊഴിലാളികൾക്കാണു നൽകേണ്ടത് എന്നാണു സഭാ പ്രബോധനങ്ങൾ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിരന്തരം പരിദേവനം നടത്തുന്നതു

പോലെ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രാധാന്യമാണു ഇക്കാലത്ത് നൽകപ്പെടുന്നത്. മൂലധന താത്പര്യങ്ങൾ സംരക്ഷിക്കാനായി പലപ്പോഴും തൊഴിലാളികളുടെ അവകാശങ്ങൾ നിഹനിക്കപ്പെടുന്നു.

7. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമായ കർഷകർ തങ്ങളുടെ അവകാശസംരക്ഷണത്തിനായി സമരം തുടങ്ങിയിട്ട് ആറ് മാസങ്ങൾ കഴിഞ്ഞു. കർഷകരുമായി കൂടിയാലോചിക്കാതെ രൂപപ്പെടുത്തിയിട്ടുള്ള കർഷക നിയമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണെന്ന പരാതിയിലാണു കർഷകർ സമരം തുടരുന്നത്. നാലു ലേബർ കോഡുകളായി രൂപപ്പെടുത്തി പരിഷ്കരിച്ചിരിക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ രൂപപ്പെടുത്തുന്നത് അവസാനഘട്ടത്തിലാണ്. ഈ പരിഷ്ക്കാരങ്ങൾക്കെതിരെ തൊഴിലാളികളും പ്രതിഷേധത്തിലാണ്. വേണ്ടത്ര കൂടിയാലോചന നടത്താതെ രൂപപ്പെടുത്തി യിരിക്കുന്ന ഇവ തൊഴിലാളി താത്പര്യങ്ങൾക്കെതിരാണെന്നാണു അവർ ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. നിലവിലുള്ള അവകാശങ്ങൾപോലും ഇല്ലാതാകുമെന്നു അവർ ഭയപ്പെടുന്നു. മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ഈ നിയമത്തിൽ ഉറപ്പാക്കിയിട്ടില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നുണ്ട്.

8. പ്രകൃതിവിഭവങ്ങളിൽ ആശ്രയിച്ച് ജീവിതം കെട്ടിപ്പടുത്തുയർത്തുന്ന കർഷകരെയും-തൊഴിലാളി സമൂഹത്തെയും നിരാശയിലേക്ക് നയിക്കുന്ന സാഹചര്യമാണു മലയോര മേഖലകളിൽ യുക്തിരഹിതവും അശാസ്ത്രീയവും ആയ വിധത്തിലുള്ള ബഫർസോൺ പ്രഖ്യാപനത്തിലൂടെയും, അന്യായമായി പട്ടയനിഷേധത്തിലൂടെയും ഉണ്ടായിരിക്കുന്നത്. തീരപരിപാലന നിയമത്തിലെ അപാകതകൾ, ദേശീയ

മത്സ്യനയം, ബ്ലൂ ഇക്കോണമി സോൺ നയം, ആഴക്കടൽ മത്സ്യബന്ധന കരാറുകൾ എന്നിവ തീരവാസികളുടെ, വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ജീവിതം കഷ്ടത്തിലാക്കിയിരിക്കുന്നു. എന്നാൽ മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും കോർപ്പറേറ്റുകൾക്കും ടൂറിസ്റ്റ് ലോബികൾക്കും എല്ലാവിധ ഒത്താശകളും ലഭിക്കുന്നു എന്നതാണു വൈരുദ്ധ്യം.

9. നിയമങ്ങൾ നിർമ്മിക്കുമ്പോഴും നയങ്ങൾ രൂപപ്പെടുത്തുമ്പോഴും ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തുവാൻ സർക്കാരുകൾ സന്നദ്ധമാകേണ്ടതുണ്ട്. മൂലധന താത്പര്യസംരക്ഷണത്തേക്കാൾ തൊഴിലാളി കളുടെ സുസ്ഥിതിക്കും അവകാശങ്ങൾക്ക് മുൻതൂക്കം

കൊടുത്തു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കുവാൻ പാടുള്ളൂ. പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ വിശദമായ ചർച്ചകൾ നിയമ നിർമ്മാണ സഭകളിൽ നടക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതുമാണ്. സാധാരണക്കാരായ ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കേണ്ടത്. ദീർഘകാലമായി സമരം ചെയ്യുന്ന കർഷകരോട് അനുഭാവപൂർണ്ണമായ സമീപനം സ്വീക രിക്കാനും അവരുടെ ആശങ്കകൾ പരിഹരിച്ച് സമരം സമാപിപ്പിക്കാനു മുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകേണ്ടതാണ്.

10. വിശുദ്ധ യൗസേപ്പിന്റെ ജീവിതം മാതൃകയാക്കാൻ എല്ലാ തൊഴിലാളി കളെയും ആഹ്വാനം ചെയ്യുന്നു. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കു ന്നതോടൊപ്പം തങ്ങളുടെ കടമകളെകുറിച്ച് തൊഴിലാളികളെ ചിന്തിപ്പി ക്കുന്നതിനുള്ള അവസരംകൂടിയാണ് മെയ്ദിനം. അവകാശങ്ങളെ കുറിച്ചു മാത്രം ചിന്തിക്കുകയും കടമകളെ മറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തൊഴിലാളിസമൂഹം സ്വയംനാശത്തിലേക്ക് നിപതിക്കും. തദ്ഫലമായി രാഷ്ട്രത്തിന്റെ തകർച്ചയ്ക്ക് വരെ നിദാനമാകുകയും ചെയ്യും.

11. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികമേഖല യിലും പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും വെളിച്ചം പരത്താൻ തൊഴിലാളിക്ക് കടമയുണ്ട്. ഇഷ്ടമുള്ള ജോലി ചെയ്യുന്നതിലല്ല മറിച്ച് ലഭിച്ച തൊഴിൽ സന്തോഷത്തോടെ അതിന്റെ പൂർണ്ണതയിൽ ചെയ്യു മ്പോഴാണ് തൊഴിലാളിക്ക് തന്റെ ഉത്തരവാദിത്വം നിറവേറ്റാനാകുന്നത്. തൊഴിൽമേഖലയിൽ സർഗാത്മകതയോടെ ഇടപെടുക, എല്ലാ മേഖലയിലും കരുതലെടുക്കുക, ത്യാഗമനസ്സുണ്ടാകുക, സഹകരണ മനോഭാവം വളർത്തിയെടുക്കുക, പങ്കുവയ്ക്കലിന്റെ രീതിശാസ്ത്രം പ്രയോഗവല്കരിക്കുക എന്നതെല്ലാം തൊഴിലാളികൾ തങ്ങളുടെ കടമ കളാണെന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് തൊഴിൽരംഗത്ത് വികസനവും സമാധാനവും സംജാതമാകുക. കുടുംബത്തിലുള്ള തന്റെ ചുമതലകൾ കർത്തവ്യ ബോധത്തോടെ തൊഴിലാളികൾ നിർവ്വഹിക്കണം. സാമൂഹിക പ്രതി ബദ്ധതയും തൊഴിലാളികൾക്കുണ്ടാകണം (ഫ്രത്തെല്ലി തൂത്തി 162).

12. "മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹി ക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ" (മത്ത. 7:12) എന്ന യേശു വചനത്തെ മലയിലെ പ്രസംഗത്തിലെ സുവർണ്ണ നിയമമെന്നാണു വിശേഷിപ്പിക്കുന്നത്. മാറ്റം തുടങ്ങേണ്ടത് നമ്മിൽ ഓരോരുത്തരിൽ

നിന്നുമാണ്. അതിന് സ്വതന്ത്രചിന്ത അത്യാവശ്യമാണ്. സത്യാധിഷ്ഠിത പ്രവൃത്തികളാണു നമ്മെ സ്വതന്ത്രമാക്കുന്നത് (യോഹ 8:32). ജാതീയ മായും മതപരമായും രാഷ്ട്രീയപരമായും വിഭജിതമായതും അടിമത്ത പരമായ വിധേയത്വം പുലർത്തുന്നതുമായ വ്യക്തികളുടെ കൂട്ടം ഒരു പുരോഗതിയും മുന്നോട്ടു വയ്ക്കുന്നില്ല. ഈ സാഹചര്യത്തെയാണു രാഷ്ട്രീയ, ഭരണ, കോർപ്പറേറ്റ് കൂട്ടുകെട്ടുകൾ പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് ഉള്ളവരായി മാറുകയെന്നതാണ് ഓരോ തൊഴിലാളി യുടേയും പരമപ്രധാനമായ കർത്തവ്യം. മാർ യൗസേപ്പിനെപോലെ അവകാശങ്ങളെ കുറിച്ചും കടമകളെ കുറിച്ചും ബോധ്യമുള്ളവരായി തൊഴിലാളികൾ മാറണം.

13. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് ഇന്ത്യൻ മെത്രാൻ സമിതിയുടെ (CBCI) യുടെ വർക്കേർസ് ഇന്ത്യ ഫെഡറേഷ നുമായി (WIF) സഹകരിച്ച് പ്രർത്തിക്കുന്നു. ഇന്ത്യയിലെ തൊഴിൽ, തൊഴിൽ ശക്തിയിലെ 94 ശതമാനം വരുന്ന അസംഘടിതതൊഴിലാളി കളുടെ സംഘാടനവും ഉന്നമനവുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

14. തൊഴിൽപരമായ സംഘാടനം, നൈപുണ്യ പരിശീലനം, സാമൂഹിക സുരക്ഷാ പദ്ധതികളിലെ പങ്കാളിത്തം, ആരോഗ്യ ഇൻഷൂറൻസ് പദ്ധതി കൾ, അവകാശ നിഷേധങ്ങൾക്കെതിരെയുള്ള പ്രതിരോധം, തൊഴിലിനേയും ആദരിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തൽ, ക്രിസ്തീയവും ധാർമ്മീകവുമായ ജീവിതരീതി പ്രദാനം ചെയ്യൽ തുടങ്ങിയവയാണ് കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

15. നിർമ്മാണതൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹികതൊഴിലാളി ഫോറം, പീടികതൊഴിലാളി ഫോറം, കർഷകതൊഴിലാളി ഫോറം, ചെറുകിടതോട്ടം, തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, വനിതാ ഫോറം എന്നിങ്ങനെ വിവിധ ഫോറങ്ങൾ വഴിയാണ് കെ.എൽ.എം. പ്രവർത്തിച്ചുവരുന്നത്.

16. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ തൊഴിലാളി പ്രേഷിതത്വത്തിനു മുൻഗണന നൽകേണ്ടതാണ്. തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും വളരെ ഗൗരവപൂർവ്വം ഏറ്റെടു ക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഇടവകകളിലും കെ.എൽ.എം. ന്റെ

യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം. മെയ് ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നത് ഉചിതമാണ്.

17. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥവും എല്ലാ തൊഴിലാളി സഹോദങ്ങളുടെ മേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും കാത്തു സംരക്ഷിക്കട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

---

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: ４

# തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്

*ഫാ. ജോസ് പുതിയേടത്ത്*

മേയ് 1 തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ സാർവ്വത്രികസഭ ആചരിക്കുകയാണ്. 1955-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയാണ് വിശുദ്ധ യൗസേപ്പിതാവിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചത്. അന്നുമുതൽ ഇന്നുവരെ ഈ ദിനം തൊഴിലാളികളെയും തൊഴിലിനെയും ആദരിക്കാനും മനുഷ്യജീവിതത്തിൽ തൊഴിലിനുള്ള പ്രാധാന്യത്തെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും ഓർമ്മപ്പെടുത്തുവാനുമുള്ള ഒരു ദിനമായി സഭയും സമൂഹവും ആചരിക്കുകയാണ്. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി സഭ ആചരിക്കുന്ന ഈയവസരത്തിൽ, തൊഴിലാളിയായ യൗസേപ്പിതാവിൽ വിളങ്ങിയിരുന്ന നല്ല മനോഭാവങ്ങളെ കണ്ടെത്താം.

തന്റെ തൊഴിലിൽ അഭിമാനംകൊണ്ട ഒരു വ്യക്തിയാണ് വിശുദ്ധ യൗസേപ്പിതാവ്. യഹൂദപ്രമാണികൾ ഈശോയെ ചൂണ്ടിക്കൊണ്ട് പറഞ്ഞത് ഇവൻ ആ തച്ചന്റെ മകനല്ലേ എന്നാണ്. കാരണം യഹൂദസമൂഹത്തിൽ മഹത്വം കുറഞ്ഞ ഒരു തൊഴിലായിരുന്നു മരപ്പണി. സമൂഹത്തിൽ വലിയ സ്ഥാനമൊന്നുമില്ലാത്ത ഒരു തൊഴിലായിരുന്നു അത്. എങ്കിലും, യൗസേപ്പിതാവ് ആ തൊഴിലിൽ അഭിമാനം കണ്ടെത്തുകയും ആ ജോലിയിൽ ആനന്ദിക്കുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു. അതിനാൽ തൊഴിലിനെക്കുറിച്ച് യാതൊരു അപകർഷതാബോധവും പിതാവിനില്ലായിരുന്നു. ഇത് തൊഴിലാളികൾക്കൊരു പാഠമാണ്. പലപ്പോഴും, തങ്ങളുടെ തൊഴിലിൽ അഭിമാനം കണ്ടെത്തുവാൻ കഴിയാതെ തങ്ങളുടെ തൊഴിലിനെ അവമതിച്ചു സംസാരിക്കുകയും അതുവഴി ഒരു തരം നിസംഗതയിൽ കഴിയുകയും ചെയ്യുന്ന തൊഴിലാളികളുണ്ട്. അവർക്കെല്ലാം വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃക ഒരു പ്രചോദനമായി മാറണം. തന്റെ തൊഴിൽ ഏതായിരുന്നാലും അതിൽ അഭിമാനിക്കാനും അതിൽ ആനന്ദം കണ്ടെത്തുവാനുമുള്ള മാതൃക.

തൊഴിലിനെ തന്റെ കുടുംബത്തെ സംരക്ഷിക്കാനുള്ള ഒരു ഉപാധിയായി കണ്ട വ്യക്തിയാണ് വിശുദ്ധ യൗസേപ്പിതാവ്. കാരണം തൊഴിൽ ചെയ്ത് സമ്പാദിച്ച പണംകൊണ്ടാണ് യൗസേപ്പിതാവ് തിരുക്കുടുംബത്തെ പരിപാലിച്ചത്. മാതാവിനേയും ഉണ്ണിയേശുവിനേയും സംരക്ഷിച്ചു പരിപാലിക്കാൻ വേണ്ടി യൗസേപ്പിതാവ് കഠിനാദ്ധ്വാനം ചെയ്തു. ദൈവം തന്നെ ഏല്പിച്ച കുടംബത്തെ പരിപാലിക്കേണ്ടത് തന്റെ കടമയാണന്ന ബോദ്ധ്യത്തോടെയാണ് അദ്ദേഹം പണിയെടുത്തത്. യൗസേപ്പിതാവിന്റെ ഈയൊരു മനോഭാവം എല്ലാ തൊഴിലാളികൾക്കും മാതൃകയാകേണ്ടതുണ്ട്. ഓരോ തൊഴിലാളിയും ഏതെങ്കിലും ഒരു കുടുംബത്തിലെ അംഗമായിരിക്കും. ഒന്നുകിൽ കുടുംബനാഥൻ അല്ലെങ്കിൽ കുടുംബനാഥ. ഇതിൽ ഏതു സ്ഥാനമാണ് ഒരാൾ വഹിക്കുന്നതെങ്കിലും നാം അംഗമായിട്ടുള്ള കുടുംബത്തെ പരിപാലിക്കാനുള്ള ഒരു കടമ നമുക്കുണ്ട് എന്ന ബോധ്യത്തോടെ വേണം ഓരോരുത്തരും ജീവിക്കുവാൻ. തന്റെ കുടുംബത്തെ പരിപാലിക്കാനുള്ള ഒരു ഉപാധിയായി തൊഴിലിനെ കാണാനും ആ ലക്ഷ്യത്തോടെ തൊഴിൽ ചെയ്യുവാനും വിശുദ്ധ യൗസേപ്പിതാവ് നമുക്കു പ്രചോദനമേകുന്നു.

കുടുംബസന്ധാരണത്തിന്റെ ഈ തലം കാണാതെ തൊഴിൽ ചെയ്യുകയും തൊഴിലിന്റെ ഫലം അനുഭവിക്കുകയും ചെയ്യുന്ന വ്യക്തികളുണ്ട്. അതുവഴി അവരുടെ കുടുംബങ്ങൾ യഥാർത്ഥത്തിൽ ദുരിതത്തിലാഴുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ളവർക്ക് വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതമാതൃക ഒരു തിരുത്തലിന് ഇടയാക്കട്ടെ.

സമൂഹത്തിന്റെ നന്മക്കായി ദൈവം എനിക്കു നൽകിയ കഴിവും അവസരവുമാണ് എന്റെ തൊഴിൽ എന്ന കാഴ്ചപ്പാടാണ് നമുക്കു വേണ്ടത്. ഓരോ തൊഴിലിനും അതിന്റേതായ പ്രസക്തി നമ്മൾ ജീവിക്കുന്ന സമൂഹത്തിലുണ്ട്. സമൂഹത്തിന്റെ നിലനില്പിനും വളർച്ചക്കും എന്റെ തൊഴിലിന്റെ ആവശ്യമുണ്ടെന്ന് ഈ കാഴ്ചപ്പാട് നമ്മെ ബോധ്യപ്പെടുത്തും. കാരണം എന്റെ സമൂഹത്തിന്റെ വളർച്ചക്ക് എന്റെ തൊഴിലിന് ഒരു പ്രത്യേക സ്ഥാനവും പ്രസക്തിയുമുണ്ടെന്ന തിരിച്ചറിവാണിത്. അതു മനസ്സിലാക്കുമ്പോൾ കൂടുതൽ ഉൽസാഹത്തോടെ ജോലിചെയ്യുവാൻ നമുക്കു സാധിക്കും.

ഒരു കപ്പ് ചായ നമ്മുടെ മുന്നിലെത്താൻ എത്രയധികം തൊഴിലാളികളുടെ വിയർപ്പിന്റെ ഫലം അതിനു പിന്നിൽ വേണ്ടിവന്നു എന്ന ചിന്ത നമുക്കോരോരുത്തർക്കും ഉണ്ടാകുമ്പോഴാണ് തൊഴിലിന്റെ സാമൂഹികമാനത്തെക്കുറിച്ച് നമ്മൾ ബോധമതികളാവുന്നത്. തേയിലത്തോട്ടത്തിൽ പണിയെടുക്കുന്നവർ തുടങ്ങി, ഫാക്ടറി ജോലിക്കാർ, ഗുണനിലവാരം വിലയിരുത്തിയവർ, പായ്ക്കിംഗ്, ട്രാസ്പോട്ടേഷൻ, മൊത്തക്കച്ചവടക്കാർ, ചില്ലറ വില്പനക്കാർ, ക്ഷീരകർഷകർ, പഞ്ചസാര ഉണ്ടാക്കാനായി കരിമ്പിൻതോട്ടത്തിലെ തൊഴിലാളികൾ, അതു പ്രോസസ് ചെയ്തവർ, കപ്പ് നിർമ്മിച്ചവർ, ചായ ഉണ്ടാക്കാൻ അടുക്കളയിൽ പണിയെടുത്തവർ, ഇങ്ങനെ എത്രയെത്ര മനുഷ്യരുടെ അദ്ധ്വാനത്തിന്റെ ഫലമായാണ് ഒരു കപ്പ് ചായ നമ്മൾ കുടിക്കുന്നതെന്ന് ഓരോരുത്തരും ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനാൽ, ഞാൻ ചെയ്യുന്ന തൊഴിൽ വഴി അനേകം പേർ അനുഗ്രഹിക്കപ്പെടുന്നുണ്ട് എന്ന തിരിച്ചറിലു ലഭിക്കാൻ തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃക ഏവർക്കും പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.

## സർക്കുലർ: 02/2021

21-04-2021

സ്നേഹ ബഹു. വൈദികരേ,

കോവിഡ്-19 വ്യാപനം ശക്തമാകുന്ന ഈ സാഹചര്യത്തിൽ നാം അതീവ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാരാണ് നൽകി വരുന്നത്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നതാണല്ലോ നമ്മുടെ അതിരൂപത. ആയതിനാൽ, ജില്ലകളിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കളക്ടർമാരോ, തദ്ദേശ സ്വയംഭരണ സ്ഥാപനാധികാരികളോ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തിരുക്കർമ്മങ്ങളിൽ പങ്കെടുക്കേണ്ടവരുടെ എണ്ണവും മറ്റും ക്രമീകരിക്കേണ്ടതാണ്. പാരിഷ് ഹാൾ ഉപയോഗം സംബന്ധിച്ച് പോലീസിന്റെ നിർദ്ദേശങ്ങൾ പാലിക്കണം.

പ്രാർത്ഥനയിൽ സ്നേഹപൂർവ്വം,

ഫാ. ഹോർമിസ് മൈനാട്ടി
സിഞ്ചെല്ലൂസ്, എറണാകുളം-അങ്കമാലി അതിരൂപത

---

## സർക്കുലർ: 03/2021

01-05-2021

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കോവിഡിന്റെ അതിവ്യാപന സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ നിങ്ങളെ അറിയിക്കുന്നു.

1. കോവിഡ് മഹാമാരിമൂലം ആയിരക്കണക്കിന് മനുഷ്യർ ക്ലേശമനുഭവിക്കുന്ന സാഹചര്യത്തിൽ, ഭാരതസഭ മുഴുവൻ 2021 മെയ് 7 വെള്ളി

യാഴ്ച പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിച്ച് പ്രാർത്ഥിക്കണമെന്ന് സി.ബി.സി.ഐ.യും. കെ.സി.ബി.സി.യും ആഹ്വാനം ചെയ്തിട്ടുണ്ട്. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും അല്മായരും, കോവിഡ് മഹാമാരിമൂലം വിഷമിക്കുന്നവരെ സമർപ്പിച്ചുകൊണ്ട് ഈ ദിവസം പ്രാർത്ഥനയുടെയും ഉപവാസത്തിന്റേതുമാക്കി മാറ്റുവാൻ പരിശ്രമിക്കണം. പ്രതിസന്ധിയുടെ ഈ ദിവസങ്ങളിൽ, പരസ്പരം താങ്ങും തണലുമേകി നല്ല അയല്ക്കാരായി മാറുവാൻ എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

2. കോവിഡ് നിയന്ത്രണങ്ങൾമൂലം ഇടവകകളിൽ വിവിധ തിരഞ്ഞെടുപ്പുകൾ നടത്താൻ സാധിക്കാതിരുന്നതിന്റെ പശ്ചാത്തലത്തിൽ കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും ഇടവക പ്രതിനിധിയോഗത്തിന്റെയും കാലാവധി 2021 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചിരുന്നു (*എറണാകുളം മിസ്സം*, 2020 ഒക്ടോബർ, പേജ് 15). ഇങ്ങനെയുള്ള ഇടവകകളിൽ 2021 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത് മെയ് ആദ്യവാരത്തിൽതന്നെ സത്യപ്രതിജ്ഞ ചെയ്യിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് അറിയിച്ചിരുന്നു (*എറണാകുളം മിസ്സം*, 2021 ഫെബ്രുവരി, പേജ് 40). എന്നിരുന്നാലും കോവിഡിന്റെ പെട്ടെന്നുണ്ടായ അതിവ്യാപനം മൂലം മിക്ക ഇടവകകളിലും തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനായിട്ടില്ല. ഈ പ്രത്യേക സാഹചര്യത്തിൽ കൈക്കാരന്മാരുടേയും ഇടവക പ്രതിനിധിയോഗത്തിന്റെയും കുടുംബ യൂണിറ്റ് ഭാരവാഹികളുടെയും കാലാവധി 2021 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചിട്ടുള്ള ഇടവകകളിൽ, ഈ കാലയളവിൽ അത് പൂർത്തിയാക്കാൻ സാധിച്ചാൽ പുതിയ ഭാരവാഹികൾ ക്രമപ്രകാരം സ്ഥാനമേല്ക്കേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത

## കച്ചേരിക്കാര്യം

# അതിരൂപതാ പാസ്റ്ററൽ കൗൺസിൽ 2018 – 2021

കോവിഡ് 19-ന്റെ സാഹചര്യത്തിൽ, പുതിയ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കാത്തതിനാൽ 'അതിരൂപതാ അജപാലന സമിതി 2018-2021' -ന്റെ കാലാവധി 2022 മാർച്ച് വരെ ഇതിനാൽ ദീർഘിപ്പിച്ചിരിക്കുന്നു.

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി, എറണാകുളം-അങ്കമാലി അതിരൂപത

---

# സ്വതന്ത്ര ഇടവകയായി ഉയർത്തി

ചേർത്തല-മുട്ടം സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ കുരിശുപള്ളിയായിരുന്ന **മാർട്ടിൻനഗർ സെന്റ് മാർട്ടിൻ ഡി പോറസ്** പള്ളിയെ **BO/MTNGR/11** നമ്പർ കല്പനയിലൂടെ ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ പിതാവ് **2021 ഏപ്രിൽ 11-ാം** തീയതി സ്വതന്ത്ര ഇടവകയായി ഉയർത്തി.

ചാൻസലർ

# Transfers/Appointments

## Rev. Fathers

### April 2021 (Already effected)

| | |
|---|---|
| Chamakkichirayil Jerin CMI | Karukutty Monastery Asst. |
| Kadappallil James (Anoop) | Relieved - Vocation Promoter |
| Kalappurackal George (Sunny) | Panavally |
| Koikkara Antony (Binto) | Sathyadeepam - Asst. Editor (Addl.) |
| Kooranmanjelikudy Vimal RCJ | Kadavanthra - Resident Priest |
| Kottakkal Paul (Jr.) | Pothy Pieta Bhavan - Spiritual Director + Board Member (Addl.) |
| Madavanakad Joseph (Jomon) | Vocation Promoter (Addl.) |
| Meledath Paul (Jaison) | Deepika RMO, Kochi (Addl.) |
| Payyappilly Thomas | Priests' Home, Edakkunnu |
| Petta Rijo CMI | Neeleeswaram Monastery Asst. |
| Vadakkeakkayil Josy CMI | Kottarappilly Monastery Asst. |
| Vaikathuparambil Thomas | Relieved - Panavally Acting Vicar |
| Velutheppilly Vinu RCJ | Angamaly - Resident Priest |

### May 2021 (Already effected)

| | |
|---|---|
| Athazhapadam Mathew (Jomon) CMF | Relieved - Valoor |
| Kadappallil James (Anoop) | Thrikkakara Naipunnya School Asst. Exe. Dir. (Addl.) |
| Karukanthara Thomas (Julius) | KCYM Director |
| Karukanthara Thomas (Julius) | Mar Louis Arts & Book Centre Asst. Manager |
| Malpan Rocky (Suresh) | Relieved - KCYM Director |
| Meembamthanathu Stephen (Dibin) | Muppathadam (Addl.) |
| Moonjely Joseph (Shanu) | Marad - Acting ProVicar (Addl.) |

| | |
|---|---|
| Mynattiparambil Varghese (Rijo) | Vadavathoor Seminary - Professor |
| Tharappel Iphence T. Jose MSsCc | Relieved - Muringoor Asst. |
| Thekkumkattil Augustine CMF | Valoor |

**June 2021**

| | |
|---|---|
| Kiliyelikkudy Paul (Anil) (Jr.) | Relieved - Edakkunnu Naipunnya Asst. Exe. Dir. |
| Madathil Joseph (Christy) | Edakkunnu Naipunnya Asst. Exe. Dir. (Addl.) |
| Njaliath Varghese Msgr. | Edakkunnu CSN Convent & Nazareth Institutions Spiritual Dir. |
| Thenayan Augustine | Relieved - Edakkunnu CSN Convent & Nazareth Institutions Spiritual Dir. |

**Chancellor**

## വൈദികരുടെ മെഡിക്ലെയിം പോളിസി

വൈദികരുടെ മെഡിക്ലെയിം പോളിസി ഈവർഷം THE NEW INDIAASSURANCE CO. LTD. -ൽ നിന്നാണ് എടുത്തിട്ടുള്ളത് (VIDAL HEALTH). മെഡിക്ലെയിം കാർഡിന് പകരം E-copy (PDF) ആണ് കമ്പനി നൽകിയിരിക്കുന്നത്. പ്രസ്തുത E-copy കച്ചേരിയിൽനിന്നും Whatsapp, E-mail വഴി അച്ചന്മാർക്ക് അയച്ചിട്ടുണ്ട്. Whatsapp, E-mail ഇല്ലാത്ത അച്ചന്മാർക്ക് കച്ചേരിയിൽനിന്നും E-copy ലഭിക്കുന്നതാണ്.

ചാൻസലർ



# നിര്യാതരായി



## സി. റോസറിറ്റ CMC

സെന്റ് ട്രീസ കോൺവെന്റ്, കൂനമ്മാവ്

| | | |
|---|---|---|
| ജനനം | : | 31/05/1939 |
| വ്രതവാഗ്ദാനം | : | 19/06/1962 |
| മരണം | : | 26/04/2021 |



## സി. റിൻസി CMC

പ്രൊവിൻഷ്യൽ ഹൗസ്, എറണാകുളം.

| | | |
|---|---|---|
| ജനനം | : | 13/04/1953 |
| വ്രതവാഗ്ദാനം | : | 03/05/1971 |
| മരണം | : | 15/04/2021 |



## സി. ജെർമയിൻ FCC

കൃപസദൻ, കൈപ്ര, ശ്രീമൂലനഗരം

| | | |
|---|---|---|
| ജനനം | : | 22/09/1937 |
| വ്രതവാഗ്ദാനം | : | 07/05/1964 |
| മരണം | : | 15/04/2021 |



## സി. പ്രിസ്റ്റീന SSS

മദർ ഹൗസ്, മള്ളുശ്ശേരി.

| | | |
|---|---|---|
| ജനനം | : | 18/04/1942 |
| വ്രതവാഗ്ദാനം | : | 07/09/1985 |
| മരണം | : | 22/04/2021 |



## സി. ഏലിക്കുട്ടി SSS

മദർ ഹൗസ്, മള്ളുശ്ശേരി.

| | | |
|---|---|---|
| ജനനം | : | 20/02/1948 |
| വ്രതവാഗ്ദാനം | : | 07/09/1985 |
| മരണം | : | 12/04/2021 |

# New Office-Bearers

## Ststers of St. Anne, Bangalore

### St. Thomas Province, Thannipuzha

| | | |
|---|---|---|
| Provincial Superior | - | Sr. Lillies Vargese SAB |
| Asst. Provincial | - | Sr. Thephine SAB |
| Provincial Councilors | - | Sr. Gracy Paul SAB |
| | | Sr. Lovely Varghese SAB |
| | | Sr. Minisha Varghese SAB |
| Provincial Procurator | - | Sr. Shiji Sebastian SAB |
| Provincial Secretary | - | Sr. Sheeja Joseph SAB |

## Congregation of St. Therese of Lisieux (CST Brothers)

### Sacred Heart Province, Thrikkakara

| | | |
|---|---|---|
| Provincial Superior | - | Bro. Joseph Mundumoozhikara CST |
| Vicar Provincial | - | Bro. Savio Arackal CST |
| Auditor | - | Bro. Mathew Marangattu CST |
| Councilors | - | Bro. Santy Palakkattu CST |
| | - | Bro. Dominic Kuruppanparambil CST |

***Congratulations and Prayerful wishes to the New Office-Bearers***

# വാർത്തകളും വിശേഷങ്ങളും

## ജനാധിഷ്ഠിത രാഷ്ട്രീയത്തിൽ നിന്ന് ഭാവി കെട്ടിപ്പടുക്കുക: ഫ്രാൻസിസ് പാപ്പ

താഴെത്തട്ടിൽ നിന്നും, ജനങ്ങളോടു കൂടിയതും ജനാധിഷ്ഠിതവുമായ ഒരു രാഷ്ട്രീയത്തിൽനിന്നും ഭാവി കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്, "ജനങ്ങളിൽ വേരൂന്നിയ രാഷ്ട്രീയം" (A Politics Rooted in the People) എന്ന ശീർഷകത്തിൽ ഏപ്രിൽ 15-ന് ലണ്ടനിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിന് നല്കിയ വീഡിയൊ സന്ദേശത്തിൽ ഫ്രാൻസീസ് പാപ്പ പ്രതിപാദിച്ചു.

പാവപ്പെട്ടവരോട് പുറംതിരിഞ്ഞു നില്ക്കുന്ന ഒരു രാഷ്ട്രീയത്തിന് ഒരിക്കലും പൊതുനന്മ ഊട്ടിവളർത്താനാകില്ല. കേവലമായ ജനകീയതയിൽ (populism) നിന്ന് രാഷ്ട്രീയത്തെ ജനങ്ങളിൽ രൂഢമൂലമായ സാഹോദര്യരാഷ്ട്രീയമായി ഉയർത്തുകയാണ് വേണ്ടത്. രാഷ്ട്രീയം ഒരു സേവനം എന്ന നിലയിൽ ജനങ്ങൾക്ക് സംഘടിക്കുന്നതിനും സ്വയം ആവിഷ്ക്കരിക്കുന്നതിനും പുത്തൻ സരണികൾ വെട്ടിത്തുറക്കുന്നതിനും വേണ്ടിയുള്ളതാണ്. ഈ രാഷ്ട്രീയം കേവലം ജനങ്ങൾക്കു വേണ്ടി മാത്രമുള്ളതല്ല, മറിച്ച് ജനങ്ങളോടുകൂടെയുള്ളതും ജനസമൂഹങ്ങളുടെ മൂല്യങ്ങളിൽ വേരൂന്നിയതുമാകുന്നു. സാമൂഹ്യ നീതിയിൽനിന്ന് ജനങ്ങളുടെ സംസ്കാരങ്ങളെയും ഭൗതികവും ആത്മീയവുമായ മൂല്യങ്ങളെയും വേറിട്ടു നിറുത്താൻ സഭയ്ക്കോ രാഷ്ട്രീയത്തിനോ ആകില്ലെന്നും പാപ്പാ കൂട്ടിച്ചേർക്കുന്നു.

ആകയാൽ ജനങ്ങളുടെ യഥാർത്ഥ ഇടയൻ അവരുടെ മുന്നിലും അവർക്കിടയിലും അവരുടെ പിന്നിലും നടക്കുന്നവനാണെന്ന് പാപ്പാ പ്രസ്താവിച്ചു. ഇടയൻ മുന്നിൽ നടക്കുന്നത് മുന്നോട്ടുള്ള വഴി അവർക്ക് ചൂണ്ടിക്കാണിക്കാനും അവരുടെ ഇടയിൽ ആയിരിക്കുന്നത്, ജനങ്ങളുടെ അനുഭവങ്ങൾ സ്വന്തമാക്കാനും തെറ്റുപറ്റാതിരിക്കാനുമാണെന്നും പിന്നിൽ നടക്കുന്നത്, കൂട്ടം തെറ്റിയവരെ സഹായിക്കാനും തനിച്ച് ശരിയായ വഴികൾ കണ്ടെത്താൻ ജനത്തെ പ്രാപ്തമാക്കാനുമാണെന്ന് പാപ്പാ വിശദീകരിക്കുന്നു.

# AICO

## (Archdiocesan Institutions' Central Office)

**ഓൺലൈൻ ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ഏപ്രിൽ 7 | നൈപുണ്യ പബ്ലിക്ക് സ്കൂൾ എടക്കുന്ന് |
| ഏപ്രിൽ 16 | നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി പൊങ്ങം |

**ഓൺലൈൻ ബജറ്റ് മീറ്റിംഗ്**

| | |
|---|---|
| ഏപ്രിൽ 27 | സെന്റ് ജോസഫ്സ് പ്രൈവറ്റ് ഐ.ടി.ഐ. സൗത്ത് തുറവൂർ |
| ഏപ്രിൽ 28 | നൈപുണ്യ വെൽഫയർ സർവീസസ് പൊങ്ങം |
| ഏപ്രിൽ 30 | നൈപുണ്യ പബ്ലിക്ക് സ്കൂൾ എടക്കുന്ന് |

**സൈറ്റ് മീറ്റിംഗ്/സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഏപ്രിൽ 8, 9 | ഭാരത മാതാ കോളേജ് തൃക്കാക്കര |
| ഏപ്രിൽ 16 | നൈപുണ്യ പബ്ലിക്ക് സ്കൂൾ എടക്കുന്ന് |
| ഏപ്രിൽ 12 | ഭാരത മാതാ കോളേജ് തൃക്കാക്കര |
| ഏപ്രിൽ 12 | പ്രീസ്റ്റ് ഹോം, പൊതി |
| ഏപ്രിൽ 13, 16 | ജിയോ സെന്റർ ചക്കരപ്പറമ്പ് |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

1. ഇന്റൻസീവ് ബൈബിൾ കോഴ്സ് JustJo 2021 (IBC@Church & IBC@Home) മൂന്നു വിഭാഗങ്ങളിലായി JoKids, JoTeens & JoStars പാഠപുസ്തകങ്ങൾ ഉപയോഗിച്ചുകൊണ്ട് പല ഇടവകകളും വളരെ സജീവമായി നടത്തിയെന്നറിയുന്നതിൽ ഏറെ സന്തോഷം.

2. 2021 ജനുവരി 31-ന് നടന്ന പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ പരീക്ഷയുടെ ഫലപ്രഖ്യാപനം 18/04/2021 Caticorpil -ൽ ലഭ്യമാക്കിയിട്ടുണ്ട്. 10-ാം ക്ലാസിൽ 5909 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 690 പേർക്ക് A+ Grade ഉണ്ട്. പന്ത്രണ്ടാം ക്ലാസ്സിൽ 5718 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 128 പേർക്ക് A+ Grade ഉണ്ട്.

**3. ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസ്:**

വി. യോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള മെഗാ ഗോസ്പൽ ക്വിസിന്റെ നാലാമത്തെ എപ്പിസോഡ് ഏപ്രിൽ 17-ാം തീയതി ശനിയാഴ്ച നടത്തുകയുണ്ടായി. നാലാമത്തെ എപ്പിസോഡിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർഹരായവർക്ക് അഭിനന്ദനങ്ങൾ. സമ്മാനർഹരുടെ പേരുകൾ താഴെ ചേർക്കുന്നു:

1. **Monish Mathew Kolbe**
   Mary Queen Church, Thoppil — **1st Prize Rs. 1001**
2. **Theja George Thachil**
   St. George Basilica Church — **2nd Prize Rs. 701**
3. **Rev. Sr. Flosy John CMC**
   St. Carmel Convent Asokapuram — **3rd Prize Rs. 501**

അഞ്ചാമത്തെ എപ്പിസോഡ് ആയ Grand Finale (നാല് സുവിശേഷങ്ങളെയും താരതമ്യം ചെയ്തുകൊണ്ടുള്ള Quiz Programme)-ന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

4. 2021 - 2022 അദ്ധ്യയനവർഷത്തിൽ ഓരോ ക്ലാസ്സിലേയ്ക്കും വർക്കുബുക്കുകൾ പാഠ പുസ്തകത്തോടൊപ്പം തയ്യാറാക്കുന്നു. ഓരോ ക്ലാസ്സുകാർക്കുമുള്ള വീഡിയോകളുടെ ലിങ്കുകൾ QR Code ആയി നൽകുന്നു. ഓരോ അദ്ധ്യായത്തിനു യോജിച്ച ആക്ടിവിറ്റീസ്, മനഃപാഠമാക്കുന്നതിനുള്ള വചനം, ഓരോ ക്ലാസുകാർക്കും പഠിക്കുവാനുള്ള

വിശുദ്ധർ, ഓരോ അദ്ധ്യായത്തിൽ നിന്നുമുള്ള സാധ്യതാചോദ്യങ്ങൾ എന്നിവ വർക്കുബുക്കുകളിൽ ഉൾപ്പെടുത്തുന്നു.

5. മെയ് അവസാന ആഴ്ചയിൽ പാഠപുസ്തകങ്ങൾ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ഓരോ ക്ലാസിലേയ്ക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ഫൊറോന സെക്രട്ടറി സിസ്റ്റർമാരുടെ പക്കൽ ഏല്പിക്കുമല്ലൊ. വർക്കുബുക്കുകളുടെ എണ്ണം ലഭിക്കുന്നതനുസരിച്ച് പ്രിന്റ് ചെയ്ത് നൽകുവാൻ കഴിയും. മെയ് മാസം 15-ാം തീയതിക്കകം വർക്കുബുക്കുകൾ പ്രിന്റ് ചെയ്യുന്നതാണ്.

6. അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഫൊറോന ഡയറക്ടർ അച്ചന്മാരുടെയും ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സിന്റെയും ഓൺലൈൻ മീറ്റിംഗ് ഏപ്രിൽ 23, 24 തീയതികളിലായി നടന്നു.

a) അതിരൂപതാതലത്തിൽ വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം 2021 മെയ് 29-ാം തീയതി ശനിയാഴ്ച വൈകിട്ട് 7.00 മുതൽ 8.00 വരെ ഓൺലൈനിൽ സംപ്രേഷണം ചെയ്യുന്നു.

b) വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും ലോഗോ അനാഛാദനവും 2021 മെയ് 30-ാം തീയതി നിർവ്വഹിക്കുന്നു.

c) അതിരൂപതയിലെ എല്ലാ കുട്ടികൾക്കും വേണ്ടിയുള്ള ധ്യാനം ജൂൺ 5-ാം തീയതി ശനിയാഴ്ച വൈകിട്ട് 7.00 മുതൽ 8.00 മണി വരെ ഓൺലൈനിൽ സംപ്രേഷണം ചെയ്യുന്നു

d) വിശ്വാസപരിശീലന ക്ലാസുകൾ ജൂൺ 6-ാം തീയതി ആരംഭിക്കുന്നതാണ്.

7. കാറ്റിക്കിസം 2021– 22 ലോഗോ ഡിസൈനിംങ് മത്സരം

**വിഷയം:** വി. യൗസേപ്പിതാവിന്റെ വർഷവും തിരുക്കുടുംബത്തിന്റെ വർഷവും അടിസ്ഥാനപ്പെടുത്തി ഒരു ലോഗോയും പ്രമേയവും തയ്യാറാക്കുക.

**നിബന്ധനകൾ:**

- ഇടവകകൾക്കുവേണ്ടിയുള്ള മത്സരമാണ്.
- വെളുത്ത ചാർട്ട് പേപ്പറിലാണ് ലോഗോ വരയ്ക്കേണ്ടത്.
- വിഷയവുമായി ബന്ധപ്പെട്ട ആകർഷകമായ ഒരു ആപ്തവാക്യവും (Caption) ലോഗോയുടെ വിശദീകരണവും നൽകണം.
- ചാർട്ട് പേപ്പറിൽ കൈകൾകൊണ്ട് വരച്ചും, നിറം നൽകിയും ലോഗോ രൂപകല്പന ചെയ്യാം.

- സ്കെച്ച്, കളർപെൻസിൽ, ഓയിൽ പെയിന്റ്, വാട്ടർകളർ എന്നിവ ഉപയോഗിക്കാം.
- കംപ്യൂട്ടർ പ്രിന്റോ, മറ്റ് റെഡിമെയ്ഡ് അലങ്കാരസാധനങ്ങളോ ഉപയോഗിക്കരുത്. എന്നാൽ, ഡിജിറ്റൽ ലോഗോ ക്രിയേറ്റീവ് ആയി ചെയ്യാവുന്നതാണ്.
- ചാർട്ടിൽ ഇടവകയുടെ പേരോ, മത്സരിക്കുന്ന ഇടവകയെ തിരിച്ചറിയുന്ന അടയാളങ്ങളോ ഒന്നും തന്നെ ഉണ്ടാകരുത്.

**മത്സരരീതി:**

- ഒന്നാംഘട്ടം- ഫൊറോനാ തലത്തിലാണ് ഈ ഘട്ടം. ഇടവക കളാണ് ഈ മത്സരത്തിൽ പങ്കെടുക്കുന്നത്. ഒരു ഇടവകയിൽ നിന്ന് ഒരു ലോഗോ ഫൊറോനകേന്ദ്രത്തിൽ സമർപ്പിക്കുന്നു. (അതിനു വേണ്ടി ഇടവകതലത്തിൽ മത്സരങ്ങൾ നടത്തണമോ എന്നുള്ളത് ഇടവകകൾക്ക് തീരുമാനിക്കാം). 2021 മേയ് 2 ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് മുൻപായി ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്ന എൻട്രികളെ സ്വീകരിക്കുകയുള്ളൂ. ഫൊറോന കൗൺസിൽ നിശ്ചയിക്കുന്ന ജൂറി ഏറ്റവും മികച്ച ലോഗോ കണ്ടെത്തുന്നു. സമ്മാനങ്ങൾ ഫൊറോന കൗൺസിലിന് നിശ്ചയിക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഒരു ലോഗോ ഫൊറോനയുടെ എൻട്രിയായി അതിരൂപത കേന്ദ്രത്തിലേക്ക് നൽകുന്നു.

- രണ്ടാംഘട്ടം - അതിരൂപതാതലത്തിലാണ് ഈ ഘട്ടം. ഫൊറോന കളുടെ എൻട്രികൾ മേയ് 9 ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് മുൻപ് അതിരൂപത കേന്ദ്രഓഫീസിൽ ലഭിക്കണം. മെയ് 11 ചൊവ്വാഴ്ച വൈകുന്നേരം 5.00 മണിക്ക് അതിരൂപതാതല ഫലപ്രഖ്യാപനം നടത്തുന്നതാണ്.

- സമ്മാനർഹമാകുന്ന ഇടവകകൾക്ക്, സർട്ടിഫിക്കറ്റും, ട്രോഫിയും ലഭിക്കും.

- സമ്മാനർഹമാകുന്ന ലോഗോയെ അടിസ്ഥാനമാക്കിയായിരിക്കും അടുത്തവർഷത്തെ വിശ്വാസപരിശീലനത്തിന്റെ ലോഗോ രൂപകല്പന ചെയ്യുന്നത്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2021 May - June

## Marriage Orientation Programme (MOP) (Online)

| <u>May</u> | | <u>June</u> | |
|---|---|---|---|
| 07-08 | 25-26 | 04-05 | 18-19 |
| 14-15 | 28-29 | 11-12 | 25-26 |
| 21-22 | | 15-16 | |

### ഓൺലൈൻ പ്രോഗ്രാമുകൾ:

മെയ് 23 - അനുയാത്ര (യുവ ദമ്പതികൾക്ക്)
മെയ് 07-09 - ബേബിഷൈൻ ധ്യാനം
മെയ് 14-16 - ദമ്പതിധ്യാനം

### ഫാമിലി ഔർ

മെയ്: 08 - ഗ്രെയ്സ് റിപ്പിൾസ്
മെയ്: 09 - യൂദിത്ത് ഫോറം
മെയ്: 22 - എം. സി. സി.

### ഇടവകകൾക്കായുള്ള പരിപാടികൾ

യൗസേപ്പിതാവിന്റെവർഷം, കുടുംബവർഷം എന്നിവയോടനുബന്ധിച്ച് (ഓൺലൈൻ അല്ലെങ്കിൽ ഓഫ്ലൈൻ ആയി) ഇടവകകൾക്കായി കുടുംബ പ്രേഷിതകേന്ദ്രം നിർദ്ദേശിക്കുന്ന ചിലപരിപാടികൾ (For bookings: 9446559366; 8078334522)

**കുടുംബധ്യാനം:** അമോറിസ് ലെറ്റീഷ്യയുടെ പശ്ചാത്തലത്തിൽ ശ്രേഷ്ഠ ദാമ്പത്യ രൂപീകരണത്തിനായി ഇടവകതലത്തിൽ മൂന്ന് ദിവസങ്ങളിലായി (വൈകുന്നേരങ്ങൾ) കുടുംബങ്ങൾക്കുവേണ്ടി നടത്തുന്ന ധ്യാനം.

**നിറവ്:** ഈവർഷത്തെ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷകളുടെ ആപ്തവാക്യമായ 'സ്ത്രീ-പുരുഷ പൂരകത്വം ദാമ്പത്യ ശ്രേഷ്ഠതയ്ക്ക്' എന്നതിനെ അടിസ്ഥാനമാക്കിയുള്ള ദമ്പതീപരിശീലന പരിപാടിയാണ് 'നിറവ്.' വിവാഹത്തിൽ 25 വർഷം വരെയുള്ള ദമ്പതികൾക്കായി ഇടവകതലത്തിൽ ക്ലാസ്സ് നൽകുന്നു.

**അനുയാത്ര:** ദാമ്പത്യത്തിന്റെ ആദ്യവർഷത്തിൽ യുവദമ്പതികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന രണ്ടരമണിക്കൂർ നീണ്ടുനിൽക്കുന്ന പരിപാടി. യുവദമ്പതികളെ അനുയാത്ര ചെയ്യണം എന്ന പരിശുദ്ധ പിതാവിന്റെ നിർദ്ദേശത്തിന്റെ ആവിഷ്ക്കാരമാണ് നവദമ്പതികളുടെ തുടർപരിശീലന പരിപാടിയായ ഈ മുന്നേറ്റം.

**മാധ്യമ അവബോധ പരിശീലനപരിപാടി:** കുട്ടികൾക്കും കൗമാര പ്രായക്കാർക്കുമായി ഇടവകതലത്തിൽ നടത്താൻ ആഗ്രഹിക്കുന്നു. ഡിജിറ്റൽ മാധ്യങ്ങളുടെ സ്വാധീനത്തിൽ നിന്നും കുട്ടികളെ പിന്തിരിപ്പിക്കുക എന്നതാണ് ഇവിടെ ലക്ഷ്യം വയ്ക്കുക

**നന്ദിയോടെ...**

അതിരൂപതാ കുടുംബപ്രേഷിതകേന്ദ്രത്തിൽ സ്തുത്യർഹമായി സേവനം ചെയ്ത് സ്ഥലം മാറി പോകുന്ന സി. ഫ്രാൻസിയ SD ക്കും സി. ജോസ്മി FHGS ക്കും, ബ്രദർ സോളമൻ കരേടനും എല്ലാ സേവന ങ്ങൾക്കും നന്ദി പറയുന്നതോടൊപ്പം പുതിയ ഉത്തരവാദിത്വത്തിലേക്ക് വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

**സ്വാഗതം**

ഫാമിലി അപ്പസ്തോലേറ്റിന്റെ ഫൊറോനാ ഡയറക്ടർമാരായി ചുമത ലയേറ്റിരിക്കുന്ന ഫാ. വർഗ്ഗീസ് പൈനുങ്കൽ (പള്ളിപ്പുറം), ഫാ. ജോമോൻ പാലിയക്കര (കൊരട്ടി), ഫാ. ഡൊമിനിക് കാച്ചപ്പിള്ളി (ചേർത്തല), ഫാ. ജോൺസൺ കൂവേലി (വൈക്കം), ഫാ. ജെയ്സൺ കൊളുത്തുവള്ളി (എറണാകുളം), ഫാ. സുബിൻ പാറയ്ക്കൽ (കാഞ്ഞൂർ) എന്നിവർക്ക് അനുമോദനങ്ങളും ഹൃദയം നിറഞ്ഞ സ്വാഗ തവും ആശംസിക്കുന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## സഹൃദയ വാർഷിക ജനറൽ ബോഡി യോഗം നടത്തി

സഹൃദയയുടെ വാർഷിക ജനറൽ ബോഡി യോഗം അഭിവന്ദ്യ ആൻറണി കരിയിൽ പിതാവിന്റെ അധ്യക്ഷതയിൽ നടത്തി. വാർഷിക റിപ്പോർട്ട്, സഹൃദയയുടെ പ്രതിവാര വാർത്താ പത്രികയായ സഹൃദയ വീഥി, പുതിയ വെബ് സൈറ്റ് എന്നിവയുടെ പ്രകാശനം അഭിവന്ദ്യ പിതാവ് നിർവഹിച്ചു.

## അമൃതം - കുടിവെള്ള വിതരണ പദ്ധതി

കൊച്ചി നഗരത്തിലെ പ്രധാന ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിൽ യാത്രക്കാർക്ക് ദാഹമകറ്റാൻ സൗജന്യമായി കുടിവെള്ളം നൽകുന്ന അമൃതം പദ്ധതിക്ക് തുടക്കമായി. പദ്ധതിയോട് സാമ്പത്തികമായി സഹകരിക്കാൻ താത്പര്യമുള്ള സുമനസുകൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## അതിഥിതൊഴിലാളികൾക്ക് മാസ്ക് വിതരണം

സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന 'സുധാർ' പദ്ധതിയുടെ ആഭിമുഖ്യത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി കൊച്ചി വാത്തുരുത്തിയിൽ താമസിക്കുന്ന അഞ്ഞൂറോളം അതിഥി തൊഴിലാളികൾക്ക് സൗജന്യ മാസ്ക് വിതരണം നടത്തി.

## ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം

സഹൃദയയുടെ സാമൂഹ്യാധിഷ്ഠിത വികലാംഗ പുനരധിവാസ പദ്ധതിയുടെ ഭാഗമായി ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന അങ്കമാലി മേഖലയിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

## സഹൃദയ സമരിറ്റൻസ്

തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോനാ ഇടവകയിൽ കോവിഡ് ബാധിച്ചു മരണമടഞ്ഞ യുവതിയുടെ കോവിഡ് പ്രോട്ടോകോൾ പ്രകാരമുള്ള മൃതസംസ്കാര ചടങ്ങുകൾക്ക് സഹൃദയ സമരിറ്റൻസ് നേതൃത്വം നൽകി. ഇതിനോടകം അമ്പതിലേറെ മൃതസംസ്കാരകർമങ്ങൾക്ക് സഹൃദയ സമരിറ്റൻസ് സഹകാരികളായിട്ടുണ്ട്.

**സഹൃദയ സമരിറ്റൻസ് നേതൃയോഗം**

ഇടവകതല കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി സഹൃദയ സമരിറ്റൻസ് സന്നദ്ധപ്രവർത്തകരുടെ ഓൺലൈൻ യോഗം സംഘടിപ്പിച്ചു.

**സഹൃദയ ടെക് ടീം മീറ്റിംഗ്**

സഹൃദയയുടെ പരിസ്ഥിതി പരിപാലനപ്രവർത്തനങ്ങൾക്കുള്ള വിഭാഗമായ സഹൃദയ ടെക്കിലെ ഓഫീസ്, ഫീൽഡുതല പ്രവർത്തകരുടെ സംയുക്ത യോഗം പൊന്നുരുന്നിയിൽ നടത്തി.

**റയിൽ വേ ചൈൽഡ് ലൈൻ ശിശു സംരക്ഷണ സമിതി യോഗം**

എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ സഹൃദയയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന റയിൽവേ ചൈൽഡ് ലൈനിന്റെ നേതൃത്വത്തിൽ ശിശുസംരക്ഷണ സമിതി യോഗം സംഘടിപ്പിച്ചു. സൗത്ത് റെയിൽവേ സ്റ്റേഷൻ ഏരിയ മാനേജരുടെ ചേമ്പറിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സൗത്ത് ഡെപ്യൂട്ടി സ്റ്റേഷൻ മാനേജർ ഗണേഷ് വെങ്കിടാചലം ഉദ്ഘാടനം ചെയ്തു. റയിൽവേ ഹെൽത്ത്, റയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ചൈൽഡ് ലൈൻ ഉദ്യോഗസ്ഥർ പങ്കെടുത്തു.

**ജൻ ശിക്ഷൺ സൻസ്ഥാൻ - എംബ്രോയിഡറി പരിശീലനം**

സംരംഭകത്വ പരിശീലന പരിപാടിയുടെ ഭാഗമായി പറവൂർ മേഖലയിൽ വനിതകൾക്കായി എംബ്രോയ്ഡറി പരിശീലനം ആരംഭിച്ചു. ജൻ ശിക്ഷൺ സൻസ്ഥാനുമായി സഹകരിച്ച് ഈ വർഷം ഹാൻഡ് എംബ്രോയിഡറി, ക്രാഫ്റ്റ് മേക്കിംഗ്, ജെം, ജെല്ലി, കെച്ചപ്പ്, പേപ്പർ ബാഗ്, അടുക്കളത്തോട്ടം, കോഴിവളർത്തൽ എന്നിവയിൽ പരിശീലനം ആസൂത്രണം ചെയ്തുവരുന്നു.

**ശിശു സംരക്ഷണ നയത്തിൽ വെബിനാർ**

കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ, ക്രിസ്ത്യൻ ബ്ലൈൻഡ് മിഷൻ എന്നിവരുമായി സഹകരിച്ച് ശിശു സംരക്ഷണ നയവും പരിപാലനവും എന്ന വിഷയത്തിൽ ദേശീയതലത്തിൽ സംഘടിപ്പിച്ച വെബിനാറിൽ ശിശുസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ മേലധികാരികൾ, പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന സ്റ്റാഫംഗങ്ങൾ എന്നിവർക്കൊപ്പം സഹൃദയ പ്രവർത്തകരും പങ്കെടുത്തു.

### യോഗ പരിശീലനം പുതിയ ബാച്ച്

സഹൃദയ ആത്മയോഗ അക്കാദമിയുടെ നേതൃത്വത്തിൽ യോഗ പരിശീലനത്തിന്റെ പുതിയ ബാച്ച് ആരംഭിച്ചു. ഓൺലൈനായും ഓൺസൈറ്റായും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. മൂന്നുമാസമാണ് പരിശീലന കാലാവധി. പരിശീലനാർത്ഥികളുടെ സൗകര്യമനുസരിച്ച് സമയം ക്രമീകരിക്കുന്നതാണ്.

കോവിഡ് അനന്തര കാലഘട്ടത്തിൽ ശ്വാസകോശത്തിന്റെ പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നവരെ ഉദ്ദേശിച്ച് ശ്വസനപ്രക്രിയ സുഗമമാക്കുന്നതിനുള്ള പ്രത്യേക ആസനകളും പ്രാണായാമകളും ഉൾപ്പെടുത്തിയാണ് ഈ പരിശീലനം സംഘടിപ്പിക്കുന്നത്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

---

# CORPORATE EDUCATIONAL AGENCY

Renewal Centre, Azad Road, Kaloor, Kochi 682017.

---

## അദ്ധ്യാപക തസ്തികകളിലേക്ക് നടത്താനിരുന്ന എഴുത്തു പരീക്ഷ

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ വിവിധ സ്കൂളുകളിൽ ഒഴിവു വരുന്ന അദ്ധ്യാപക തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കായി 2021 മെയ് 04-നു നടത്താനിരുന്ന എഴുത്തു പരീക്ഷ കോവിഡ് പ്രതിസന്ധിയെത്തുടർന്നു മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ പരീക്ഷത്തീയതി **2021 മെയ് 28**. ഗവൺമെന്റ് പുറപ്പെടുവിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾക്കനുസരിച്ച് സാഹചര്യങ്ങൾ വിലയിരുത്തിയതിനുശേഷമായിരിക്കും പരീക്ഷ നടത്തുന്നത്. പരീക്ഷയുടെ ക്രമീകരണങ്ങളിലുള്ള വ്യത്യാസങ്ങൾ യഥാസമയം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ വെബ്സൈറ്റിൽ അറിയിക്കുന്നതായിരിക്കും. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

# അതിരൂപത കെ. സി. വൈ. എം.

കെ.സി.വൈ.എം. എറണാകുളം-അങ്കമാലി അതിരൂപത സമിതിയുടെ 63-മത് വാർഷിക ജനറൽ കൗൺസിൽ 2021 മാർച്ച് 21 ഞായറാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് സൂരജ് ജോൺ പൗലോസ് അധ്യക്ഷ നായിരുന്ന യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. സുരേഷ് മല്പാൻ ആമുഖ സന്ദേശം നൽകുകയും, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തച്ചിൽ ആശംസകൾ അറിയിക്കുകയും ചെയ്തു. തുടർന്ന് 2021 – 2023 വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡന്റ്: ടിജോ പടയാട്ടിൽ (എടക്കുന്ന്, കറുകുറ്റി ഫൊറോന)

ജനറൽ സെക്രട്ടറി: ജെറിൻ പാറയിൽ
(തലയോലപറമ്പ്, വൈക്കം ഫൊറോന)

ട്രഷറർ: മാർട്ടിൻ വർഗീസ് (ടിജു)
(മാടയ്ക്കൽ, ചേർത്തല ഫൊറോന)

വൈസ് പ്രസിഡണ്ടുമാർ:
പ്രിയ ജോർജ് (എറണാകുളം ഫൊറോന)
കിരൺ ക്ലീറ്റസ് (സ്നേഹപുരം, ഇടപ്പള്ളി ഫൊറോന)

ജോയന്റ് സെക്രട്ടറിമാർ:
തുഷാര തോമസ് (സാൻജോനഗർ, കൊരട്ടി ഫൊറോന)
റിസോ തോമസ് (ഏഴാറ്റു മുഖം, മൂക്കന്നൂർ ഫൊറോന)

സെനറ്റ് മെമ്പേഴ്സ്:
ജിസ്മോൻ ജോൺ ജോണി (മുരിങ്ങൂർ, കൊരട്ടി ഫൊറോന)
ജിൻഫിയ ജോണി (പീച്ചാനിക്കാട്, അങ്കമാലി ഫൊറോന)

സിൻഡിക്കേറ്റ് മെമ്പേഴ്സ്:

സൂരജ് ജോൺ പൗലോസ് (തോട്ടുവ, വല്ലം ഫൊറോന)
ജിസ്മി ജിജോ (കടമക്കുടി, പറവൂർ ഫൊറോന)

ഓർഗനൈസിംഗ് സെക്രട്ടറിമാർ:

ബവ്റിൻ ജോൺ (വാതക്കാട്, മഞ്ഞപ്ര ഫൊറോന),
ജിതിൻ തോമസ് (മലയാറ്റൂർ, കാഞ്ഞൂർ ഫൊറോന)
ഡിവോൺ (ചെറുകടപ്പുറം, മൂഴിക്കുളം ഫൊറോന)

**കെ.സി.വൈ.എം. അതിരൂപത സമിതിയുടെ സംയുക്ത സെക്രട്ടറിയേറ്റും, അധികാര കൈമാറ്റവും**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ സംയുക്ത സെക്രട്ടറിയേറ്റും, അധികാര കൈമാറ്റവും 2021 മാർച്ച് 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മേജർ ആർച്ചുബിഷപ്പ് ഹൗസിൽ നടന്നു. മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ്പ് ആന്റണി കരിയിൽ സംയുക്ത സെക്രട്ടറിയേറ്റ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അതിരൂപത പ്രസിഡന്റ് ടിജോ പടയാട്ടിൽ അധ്യക്ഷനായിരുന്നു. കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. സുരേഷ് മല്പാൻ ആമുഖ സന്ദേശം നൽകി. അതിരൂപതാ സിഞ്ചെല്ലൂസ് ഫാ. ജോസ് പുതിയേടത്ത്, പാസറ്ററൽ കോ-ഓർഡിനേറ്റർ ഫാ. ജോസ് മണ്ടാനത്ത് എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. കെ.സി.വൈ.എം. അതിരൂപതാ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തച്ചിൽ സമിതിയുടെ രണ്ടുവർഷത്തെ കർമ്മപദ്ധതി രൂപീകരണ ചർച്ചകൾക്ക് നേതൃത്വം നൽകി. കെ.സി.വൈ.എം. അതിരൂപതാ ഭാരവാഹികളായ ജെറിൻ പാറയിൽ, മാർട്ടിൻ വർഗീസ്, പ്രിയ ജോർജ്, തുഷാര തോമസ്, സൂരജ് ജോൺ പൗലോസ്, ജിസ്മോൻ ജോണി, ജിസ്മി ജിജോ, ജിൻഫിയ ജോണി എന്നിവർ പ്രസംഗിച്ചു.

**ഫാ. സുരേഷ് മല്പാൻ**
**ഡയറക്ടർ**

# Naipunnya International

Broadway, Ernakulam Kochi 682031.
0484-2381948, 2381949

## നൈപുണ്യ ഇന്റർനാഷണൽ, ബ്രോഡ്‌വേ

**Contact: 9947489966**

- ടാലന്റ് ട്രാക്ക്: ടാലന്റ് ട്രാക്കിന്റെ നേതൃത്വത്തിൽ നടത്താനിരുന്ന ടാലന്റ് ട്രാക്കിംഗ് ക്യാമ്പ് കോവിഡ് വ്യാപനം മൂലം മാറ്റി വച്ചു.
- Communicative English ബാച്ചുകൾ ആരംഭിച്ചു. (NICE Naipunnya International Communicative English ).
- Overseas Education: Golden opportunity for Grade 12 and Degree Students to study and settle abreact, UK, Canada, Australia, New Zealand, Island and Other European countries.

## നൈപുണ്യ അക്കാദമി, കലൂർ

**Contact: 9947489966**

- ഇറ്റാലിയൻ, ജർമ്മൻ, ഫ്രഞ്ച്, സ്പാനീഷ് ഭാഷാ പഠനം 2021- മെയ് 3-ന് ഓൺലൈൻ ആയി ആരംഭിക്കുന്നു.
- 2022 ലേയ്ക്കുള്ള Kerala Administrative Service (KAS), Civil Service Morning, Evening and Sunday batches, Foundation Orientation, Std., 8th to 12th വരെയുള്ള കുട്ടികൾക്കായി നടത്തുന്ന NICSA special Civil Services തുടങ്ങി പുതിയ ബാച്ചിലേയ്ക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു.
- Civil Services ആസ്പിരൻസിനുള്ള Reading Room സൗകര്യം ലഭ്യമാണ്.

## നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133**

- മെഡിക്കൽ & എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ്.

  1. Entrance Crash Coaching (ECC) After +2.
  2. Entrance two year coaching (ETC) +1, +2
  3. Entrance two year coaching (EPC) Std. VIII, IX, X

- അഡ്മിഷൻ : Contact forane Coordinator fathers.

  NB : Scholarship - Eligibility Test Interview -എന്നിവയിലൂടെ മാത്രം

- ക്ലാസ്സുകൾ Online & Offline രീതികളിൽ
- സോൺ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.
- IELTS, BANK /SSC, UGC, PSC ബാച്ചുകൾ ആരംഭിക്കുന്നു.

## നൈപുണ്യ അക്കാദമി, അങ്കമാലി

**Contact: 9544919155**

- IELTS/OET Training നുള്ള അഡ്മിഷൻ നടന്നുവരുന്നു.
- അയർലന്റ്, UK നേഴ്സിനുള്ള 10 ദിവസത്തെ Aptitude Training ഉണ്ടായിരിക്കും

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# FAMILY UNITS & PARISH RENEWAL

## FORANE DIRECTORS

| | | |
|---|---|---|
| 1 | Rev. Fr. Antony Paravara | ANGAMALY |
| 2 | Rev. Fr. Thomas Pereppadan | CHERTHALA |
| 3 | Rev. Fr. Xavier Thelakkat (Sr.) | EDAPPALLY |
| 4 | Rev. Fr. Paul Madassery (Jr.) | ERNAKULAM |
| 5 | Rev. Fr. Varghese (Baiju) Kannampilly | KANJOOR |
| 6 | Rev. Fr. Antony (Sinoy) Vattaparambil | KARUKUTTY |
| 7 | Rev. Fr. Sajo Padayattil | KIZHAKKAMBALAM |
| 8 | Rev. Fr. Paul Raj Kodiyan | KORATTY |
| 9 | Rev. Fr. Saju Koren | MANJAPARA |
| 10 | Rev. Fr. Paul (Disto) Kadalikkattil | MOOKKANNOOR |
| 11 | Rev. Fr. Michael Attummel | MOOZHIKIKULAM |
| 12 | Rev. Fr. Varghese Moonjely (Sr.) | PALLIPURAM |
| 13 | Rev. Fr. Baiju Vadakkumchery | PARAVUR |
| 14 | Rev. Fr. Shanu Moonjely | THRIPUNITHURA |
| 15 | Rev. Fr. Paul Kottackal | VAIKOM |
| 16 | Rev. Fr. Babu Kalathil | VALLAM |

**Fr. Rajan Punnackal**
**Director**

# അതിരൂപതാ ഡയറി

**മാർച്ച് 2021**

22 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമ സമിതിയുടെ പ്രത്യേക ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ വച്ചു പരിസ്ഥിതി സംരക്ഷണ സമിതിയുടെ പ്രഥമ യോഗം ഉദ്ഘാടനം ചെയ്തു.

24 ജോർജ് ആലഞ്ചേരി പിതാവ് ഇരിങ്ങാലക്കുട രൂപത കെ. സി. വൈ. എം. ന്റെ ഈ വർഷത്തെ കർമപദ്ധതി മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു.

25 ജോർജ് ആലഞ്ചേരി പിതാവ് എറണാകുളം ആശീർഭവനിൽ നടന്ന പ്രോലൈഫ് ദിനാചരണം ഉദ്ഘാടനം ചെയ്തു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

26 ജോർജ് ആലഞ്ചേരി പിതാവ്, ബ. ജോർജ് മഠത്തിപ്പറമ്പിൽ അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി എസ്. ബി. കോളേജിൽ ഏർപ്പെടുത്തിയ അവാർഡിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിച്ചു.

27 ജോർജ് ആലഞ്ചേരി പിതാവ് ടൈംസ് നൗ ചാനലിന്റെ അഭിമുഖത്തിൽ പങ്കെടുത്തു. LRC -യുടെ നേതൃത്വത്തിലുള്ള വെബിനാറിൽ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ്, ഉച്ചകഴിഞ്ഞ് മുക്തിസദന്റെ കീഴിൽ ഞാലൂക്കരയിൽ പ്രവർത്തനം ആരംഭിച്ച ലഹരി വിമോചനകേന്ദ്രത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

28 ജോർജ് ആലഞ്ചേരി പിതാവ്, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസലിക്കയിൽ ഓശാനാ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ നടന്ന കെ.സി.വൈ.എം. അതിരൂപത ഭാരവാഹികളുടെ യോഗത്തിൽ സംബന്ധിച്ചു.

29 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ മൂറോൻ ആശീർവദിച്ചു. മൂവാറ്റുപുഴ ഒ.സി.ഡി. ആശ്രമത്തിൽ നിര്യാതനായ ബഹു. സെബാസ്റ്റ്യൻ പടയാട്ടി അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം തൊടുപുഴ ഡിവൈൻ മേഴ്സി ഷ്രൈനിൽ ദൈവകരുണയുടെ തിരുനാളിനൊരുക്കമായി വി. കുർബാന അർപ്പിച്ചു.

30 ജോർജ് ആലഞ്ചേരി പിതാവ്, ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ മറിയാമ്മ ജോസഫ് തലച്ചെല്ലൂരിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു. വടവാതൂർ സെമിനാരി സന്ദർശിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് സഹൃദയ വെൽഫെയർ സർവീസസിന്റെ വാർഷിക ജനറൽ ബോഡിയിൽ പങ്കെടുത്തു.

## ഏപ്രിൽ 2021

1 ജോർജ് ആലഞ്ചേരി പിതാവ്, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസലിക്കയിൽ പെസഹാ ശുശ്രൂഷകൾക്കു മുഖ്യ കാർമികത്വം വഹിച്ചു.

3 ജോർജ് ആലഞ്ചേരി പിതാവ്, മലബാർ മിഷനറി ബ്രദേഴ്സിന്റെ ജനറൽ ടീമിനെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.

4 ജോർജ് ആലഞ്ചേരി പിതാവ്, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസലിക്കയിൽ ഉയിർപ്പ് തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

6 ജോർജ് ആലഞ്ചേരി പിതാവ്, എറണാകുളം സെന്റ് മേരീസ് സ്കൂളിൽ വോട്ട് രേഖപ്പെടുത്തി.

7 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം പെരുമ്പടന്ന

സ്നേഹതീരം സെന്ററിൽ ഹോളി ഫാമിലി സഹോദരിമാരുടെ സുപ്പീരിയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് ആമുഖപ്രഭാഷണം നടത്തി.

8 ജോർജ് ആലഞ്ചേരി പിതാവ്, ആരക്കുഴ സെന്റ് മേരീസ് ദേവാലയത്തെ മേജർ ആർക്കിഎപ്പിസ്കോപ്പലായി പ്രഖ്യാപിച്ചു.

9 ജോർജ് ആലഞ്ചേരി പിതാവ്, സി. എസ്. ടി. സഭയുടെ പുതിയ ജനറാളച്ചനേയും കൗൺസിലേഴ്സിനേയും മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു. LRC വെബിനാറിൽ പങ്കെടുത്തു.

10 ജോർജ് ആലഞ്ചേരി പിതാവ്, മള്ളുശ്ശേരി സെന്റ് മേരീസ് പള്ളിയിൽ സി. സിജി, സി. വിജി, സി. റിജി എന്നിവരുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. അൽജീറിയായുടെ പുതിയ അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ് കുര്യൻ വയലുങ്കലിനെ മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ മേലൂർ പള്ളിയിൽ, ഈ വർഷം പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അർപ്പിച്ചു.

11 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം ബസിലിക്കയിൽ എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ ‘eye camp’ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അങ്കമാലി സുബോധനയിൽ നടന്ന കെ.സി.വൈ.എം. സംസ്ഥാനതല നേതൃത്വക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

14 ജോർജ് ആലഞ്ചേരി പിതാവ്, വിൻസെൻഷ്യൻ സഭയുടെ ജനറൽ സിനാക്സിസിൽ സന്ദേശം നൽകി.

16 ആന്റണി കരിയിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് സി.എം.സി. കോൺവെന്റിൽ സി. റിൻസി സി.എം.സി. യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

17 ജോർജ് ആലഞ്ചേരി പിതാവ്, തൊമ്മൻകുത്ത് ഇടവകാംഗമായ ബ്രദർ ബാസ്റ്റിൻ എം.എം.ബി. യുടെ വന്ദ്യ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. വിൻസെൻഷ്യൻ സഭയുടെ ജനറാളിനേയും ടീം അംഗങ്ങളേയും മൗണ്ട് സെന്റ് തോമസിൽ സ്വീകരിച്ചു.

ആന്റണി കരിയിൽ പിതാവ് വൈകിട്ട് ആനപ്പാറയിൽ ബഹു. നിക്കളാവൂസ് മണിപ്പറമ്പിൽ അച്ചന്റെ വന്ദ്യ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

18 ജോർജ് ആലഞ്ചേരി പിതാവ്, കുമ്പളം സെന്റ് മേരീസ് ദേവാലയത്തിലെ ആദ്യകുർബാനസ്വീകരണ ശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു.

ആന്റണി കരിയിൽ പിതാവ് രാവിലെ കടമക്കുടി ഇടവക സന്ദർശിച്ച് വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് തോപ്പിൽ ഇടവക ദേവാലയ ശുശ്രൂഷിയായ ശ്രീ. മേരി ദാസന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

19 ജോർജ് ആലഞ്ചേരി പിതാവ്, സി. ലിൻസ് എസ്.എ.ബി.എസ്. ന്റെ ജൂബിലി ആഘോഷങ്ങളോട് അനുബന്ധിച്ചു വേരൂർ സെന്റ് ജോസഫ് ദേവാലത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

20 ജോർജ് ആലഞ്ചേരി പിതാവ്, പുളിങ്കുന്ന് പള്ളിയിൽ ഫാ. ജോർജ് വലിയവീട്ടിലിന്റെ പൗരോഹിത്യജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയതു. പുളിങ്കുന്നിലുള്ള മാർ ലൂയിസ് പഴേപറമ്പിൽ പിതാവിന്റെ ഭവനം സന്ദർശിച്ചു. അഡ്വ. ജോസ് വിതയത്തിലിന്റെ സ്മരണാർത്ഥം നടത്തിയ ഓൺലൈൻ അനുശോചന യോഗത്തിൽ പങ്കെടുത്തു.

23 ജോർജ് ആലഞ്ചേരി പിതാവ് കേരളത്തിലെ കത്തോലിക്കാ മാധ്യമങ്ങളുടെ പ്രതിനിധികളുമായി ഓൺലൈനിൽ സംവദിച്ചു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന എ.കെ.സി.സി. ദിനാഘോഷം ഉദ്ഘാടനം ചെയ്തു.

24 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നാമഹേതുകതിരുനാൾ ആഘോഷിച്ചു.

26 ജോർജ് ആലഞ്ചേരി പിതാവ് ആരാധനക്രമസമിതിയുടെ പ്രത്യേക മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ അതിരൂപതാ സെമിനാരിക്കാരുടെ പൗരോഹിത്യ വസ്ത്രസ്വീകരണം ശുശ്രൂഷകൾക്ക് മുഖ്യകാർമി കത്വം വഹിച്ചു.

27 ജോർജ് ആലഞ്ചേരി പിതാവ്, മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സി. മർഗ്ഗരീത്തായുടെ ജൂബിലി ആഘോഷത്തോട നുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

28 ജോർജ് ആലഞ്ചേരി പിതാവ് CBCI യുടെ കാര്യാലോചന സമിതിയുടെ യോഗത്തിൽ ഓൺ ലൈനിലൂടെ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് ഉച്ചകഴിഞ്ഞ് അങ്കമാലി ചാരിറ്റി സിസ്റ്റേഴ്സിന്റെ മഠം ആശീർവദിച്ചു.

29 ജോർജ് ആലഞ്ചേരി പിതാവ് കാരിത്താസ് ഇൻഡ്യയുടെ കാര്യാലോചന സമിതിയുടെ യോഗത്തിൽ ഓൺ ലൈനിലൂടെ പങ്കെടുത്തു.

ആന്റണി കരിയിൽ പിതാവ് രാവിലെ ചൊവ്വര കാർമൽ നൊവി ഷ്യേറ്റ് ഹൗസിൽ സി.എം.സി. അങ്കമാലി പ്രൊവിൻസിന്റെ സഭാ വസ്ത്രസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

30 ജോർജ് ആലഞ്ചേരി പിതാവും, ആന്റണി കരിയിൽ പിതാവും രാവിലെ കറുകുറ്റി സി.എം.സി. മഠത്തിൽ ദൈവദാസി മദർ മേരി സെലിൻ സി. എം. സി. യുടെ കബറിടം തുറക്കുന്ന ചടങ്ങിൽ പങ്കെടുത്തു. ജോർജ് ആലഞ്ചേരി പിതാവ് LRC യുടെ വെബിനാറിൽ പങ്കെടുത്തു.

* * * * *



*"For God, you are that little coin that the Lord seeks without pause. He wants to tell you that you are precious and unique in His eyes. No one can take your place in the heart of God."*

***Twitter Message on 20 April, 2021***

"ദൈവം നിരന്തരം അന്വേഷിക്കുന്ന നഷ്ടപ്പെട്ട
ചെറുനാണയമാണ് നമ്മൾ. അവിടുത്തെ കണ്ണിൽ നാം
അമൂല്യവും അതുല്യവുമാണ് എന്നു പറയാൻ അവിടുന്നു
ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ഹൃദയത്തിൽ നമുക്കുള്ള
സ്ഥാനം മറ്റൊരാൾക്കും കൈവശപ്പെടുത്താനാവില്ല."

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.05.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




*O Glorious Saint Joseph, model of all those who are devoted to labour, obtain for me the grace to work in a spirit of penance for the expiation of my many sins; to work conscientiously, putting the call of duty above my natural inclinations; to work with thankfulness and joy, considering it an honour to employ and develop by means of labour the gifts received from God; to work with order, peace, moderation, and patience, never shrinking from weariness and trials; to work above all with purity of intention and detachment from self, keeping unceasingly before my eyes death and the account that I must give of time lost, talents unused, good omitted, and vain complacency in success, so fatal to the work of God. All for Jesus, all through Mary, all after thy example, O Patriarch, Saint Joseph. Such shall be my watch-word in life and in death. Amen. (Composed by Pope St. Pius X)*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan